## കരിങ്കുന്നം ഗ്രാമപഞ്ചായത്ത്

# വികസനരേഖ

# 2022 – 2027

# കരിങ്കുന്നം ഗ്രാമപഞ്ചായത്ത്
## പുനർവിഭജനം ചെയ്യപ്പെട്ട വാർഡുകൾ





# കരിങ്കുന്നം ഗ്രാമ പഞ്ചായത്ത്

## *വികസന രേഖ 2022 – 2027*

## മുഖവുര

മാന്യരെ,

കേരളത്തിലെ ജനകീയാസൂത്രണ പ്രസ്ഥാനം കാൽനൂറ്റാണ്ട് പിന്നിടുകയാണ്. കഴിഞ്ഞ 25 വർഷത്തെ വികേന്ദ്രീകൃത ആസൂത്രണ പ്രവർത്തനങ്ങളുടെ ഫലമായി നമ്മുടെ രാജ്യവും ലോകവും ഉറ്റുനോക്കുന്ന വികസനത്തിന്റെ മാതൃകാ സംസ്ഥാനമായി മാറാൻ കേരളത്തിന് കഴിഞ്ഞിരിക്കുന്നു. കേരള ജനതയുടെ സാമ്പത്തികവും, ഭൗതികവും, സാമൂഹ്യവുമായ വളർച്ചയ്ക്കും വികസനത്തിനും പാതയൊരുക്കിക്കൊണ്ട് ജനകീയാസൂത്രണ പ്രവർത്തനങ്ങൾ മുന്നേറുകയാണ്.

കേരളത്തിന്റെ ഇതര ഗ്രാമങ്ങളെപോലെ കരിങ്കുന്നവും മാറിയിരിക്കുന്നു. ഒട്ടേറെ വെല്ലുവിളികളും പ്രതിസന്ധികളും മറികടന്നാണ് ഇന്നത്തെ നേട്ടങ്ങളിലെത്തിയത്. ഇതൊരു കൂട്ടായ്മയുടെ വിജയമാണ്. കഴിഞ്ഞ അഞ്ച് പഞ്ചവത്സര പദ്ധതികാലയളവിൽ കരിങ്കുന്നം ഗ്രാമപഞ്ചായത്തിന്റെ ഭരണസമിതിയിൽ അംഗങ്ങളായിരുന്നവർ, പഞ്ചായത്ത് സെക്രട്ടറിമാർ, ജീവനക്കാർ, നിർവ്വഹണ ഉദ്യോഗസ്ഥർ, സന്നദ്ധ പ്രവർത്തകർ മുതലായവരുടെ സംഭാവനകൾ സ്മരിക്കാതെ നമുക്ക് മുന്നോട്ട് പോകാനാവില്ല. ഈ കൂട്ടായ്മയെ ഇനിയുമേറെ ദൃഢവും വിപുലവുമാക്കേണ്ട സാഹചര്യത്തിലാണ് നാം 14-ാം പഞ്ചവത്സര പദ്ധതിക്ക് തുടക്കമിടുന്നത്.

സുസ്ഥിരവും സർവ്വതോന്മുഖവും വൈജ്ഞാനികവും എല്ലാവരേയും ഉൾക്കൊള്ളുന്നതുമായ വികസന പ്രക്രിയയിലൂടെ നവകേരളം സൃഷ്ടിക്കാനാണ് കേരള സർക്കാർ ലക്ഷ്യമിടുന്നത്. ഈ പദ്ധതിയുടെ ഫലപ്രദമായ ആസൂത്രണ-നിർവ്വഹണ പ്രവർത്തനങ്ങളിലൂടെ നമ്മുടെ പഞ്ചായത്തിലും സമഗ്ര വികസനവും സാമൂഹ്യ നീതിയും ഉറപ്പാക്കാൻ കഴിയും. 'ഞാൻ ജീവിക്കുന്ന സമൂഹത്തിന്റെ മാറ്റത്തിൽ എനിക്ക് എന്ത് ചെയ്യാൻ കഴിയും' എന്ന ഉദാത്തമായ ചിന്തയിലേക്ക് ഓരോ പൗരനും ഉയരുമെന്നും; നമ്മുടെ കൂട്ടായ ചിന്ത വികസനത്തിന്റെ പുതിയ പാതകൾ തുറന്നു തരുമെന്നുമുള്ള ഉത്തമ വിശ്വാസത്തോടെ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ വികസനരേഖ സവിനയം സമർപ്പിക്കുന്നു.

സ്നേഹപൂർവ്വം,

**ജോജി തോമസ് എടാംപുറത്ത്**
പ്രസിഡന്റ്, കരിങ്കുന്നം ഗ്രാമപഞ്ചായത്ത്

കരിങ്കുന്നം,
02-07-2022

# കരിങ്കുന്നം പഞ്ചായത്ത് ഭരണസമിതി



**ജോജി തോമസ്**
പ്രസിഡന്റ്



**ബീന പയസ്**
വൈസ് പ്രസിഡന്റ്



**തോമസ് കെ.കെ.**
ചെയർമാൻ
വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി



**ഷീബ ജോൺ**
ചെയർപേഴ്സൺ
ആരോഗ്യ വിദ്യാഭ്യാസ
സ്റ്റാന്റിംഗ് കമ്മറ്റി



**സ്മിതാ സിറിയക്ക്**
ചെയർപേഴ്സൺ
ക്ഷേമകാര്യ
സ്റ്റാന്റിംഗ് കമ്മറ്റി



**ബേബിച്ചൻ കെ. അബ്രാഹം**
മെമ്പർ - 1



**റ്റിന്റു ജോസ്**
മെമ്പർ - 2



**എത്സമ്മ സെബാസ്റ്റ്യൻ**
മെമ്പർ - 4



**സെലിൻ സുനിൽ**
മെമ്പർ - 5



**ഷൈബി ജോൺ**
മെമ്പർ - 7



**സ്വപ്ന ജോയൽ**
മെമ്പർ - 8



**ഹരിദാസ് ഗോപാലൻ**
മെമ്പർ - 11



**അജിമോൻ കെ.എസ്.**
മെമ്പർ - 13



**ഷാജാ ജോസഫ്**
സെക്രട്ടറി

# കരിങ്കുന്നം ഗ്രാമപഞ്ചായത്ത്

## പൊതുവിവരണം

| | | |
|---|---|---|
| വാർഡുകൾ | : | 13 |
| വിസ്തൃതി | : | 22.67 ച.കി.മീ. |
| ജനസംഖ്യ | : | 13573 |
| ആകെ വീടുകൾ | : | 4186 |
| പുരുഷന്മാർ | : | 6916 |
| സ്ത്രീകൾ | : | 6657 |
| എസ്.സി. വിഭാഗക്കാർ | : | 822 |
| എസ്.ടി. വിഭാഗക്കാർ | : | 112 |
| പഞ്ചായത്ത് ഉൾപ്പെടുന്ന വില്ലേജ് | : | കരിങ്കുന്നം, തൊടുപുഴ |
| ബ്ലോക്ക് പഞ്ചായത്ത് | : | തൊടുപുഴ |
| ജില്ലാ പഞ്ചായത്ത് | : | ഇടുക്കി |
| നിയമസഭാ മണ്ഡലം | : | തൊടുപുഴ |
| ലോക്സഭാ മണ്ഡലം | : | ഇടുക്കി |
| ലോക്സഭാ പ്രതിനിധി | : | ശ്രീ. അഡ്വ. ഡീൻ കുര്യാക്കോസ് |
| നിയമസഭാ പ്രതിനിധി | : | ശ്രീ. പി.ജെ. ജോസഫ് |
| ജില്ലാ പഞ്ചായത്ത് ഡിവിഷനും പ്രതിനിധിയും | : | |
| കരിങ്കുന്നം | : | ശ്രീമതി സി.വി. സുനിത |
| ബ്ലോക്ക് ഡിവിഷനും പ്രതിനിധികളും | | |
| കരിങ്കുന്നം | : | ശ്രീമതി ട്രീസാ ജോസ് |
| പുറപ്പുഴ | : | കുമാരി അന്നു അഗസ്റ്റ്യൻ |
| മ്രാല | : | ശ്രീമതി ലാലി ജോയി |

## അതിരുകൾ

| | | |
|---|---|---|
| കിഴക്ക് | : | മുട്ടം പഞ്ചായത്ത് |
| തെക്ക് | : | രാമപുരം - കടനാട് പഞ്ചായത്തുകൾ |
| പടിഞ്ഞാറ് | : | പുറപ്പുഴ പഞ്ചായത്ത് |
| വടക്ക് | : | തൊടുപുഴ നഗരസഭ |

# കരിങ്കുന്നം ഗ്രാമപഞ്ചായത്ത് ഭരണസമിതി

| സ്ഥാനം | വാർഡ് | പേര് | മൊബൈൽ |
|---|---|---|---|
| പ്രസിഡന്റ് | 12 | ജോജി തോമസ് | 9446216206 |
| വൈസ് പ്രസിഡന്റ് | 7 | ബീന പയസ് | 9656504281 |
| ചെയർപേഴ്സൺ, വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി | 3 | തോമസ് കെ.കെ. | 9447149505 |
| ചെയർപേഴ്സൺ, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി | 6 | ഷീബാ ജോൺ | 9400742452 |
| ചെയർമാൻ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | 9 | സ്മിതാ സിറിയക്ക് | 9495244895 |
| മെമ്പർ | 1 | ബേബിച്ചൻ കെ. അബ്രാഹം | 9961451765 |
| മെമ്പർ | 2 | റ്റിന്റു ജോസ് | 9747414474 |
| മെമ്പർ | 4 | എത്സമ്മ സെബാസ്റ്റ്യൻ | 6282105103 |
| മെമ്പർ | 5 | സെലിൻ സുനിൽ | 9544671455 |
| മെമ്പർ | 7 | ഷൈബി ജോൺ | 8606233296 |
| മെമ്പർ | 8 | സ്വപ്ന ജോയൽ | 9847075877 |
| മെമ്പർ | 11 | ഹരിദാസ് ഗോപാലൻ | 9656446275 |
| മെമ്പർ | 13 | അജിമോൻ കെ.എസ്. | 7034778741 |
| സെക്രട്ടറി | | ഷാജാ ജോസഫ് | 9496045101 |

## പഞ്ചായത്ത് ജീവനക്കാർ

| | | | |
|---|---|---|---|
| ശ്രീമതി ഷാജാ ജോസഫ് | (സെക്രട്ടറി) | : | 9496045101 |
| ശ്രീമതി ഗിരിജകുമാരി എൽ. | (ഹെഡ് ക്ലാർക്ക്) | : | 980968868 |
| ശ്രീ. രാജേഷ് കെ.ജി. | (അക്കൗണ്ടന്റ്) | : | 8075501553 |
| ശ്രീമതി ഷീജ ആർ. നായർ | (സീനിയർ ക്ലാർക്ക്) | : | 8547639626 |
| ശ്രീമതി അനിജ പി.സി. | (സീനിയർ ക്ലാർക്ക്) | : | 9562280283 |
| ശ്രീമതി പ്രിയ കെ. തങ്കച്ചൻ | (സീനിയർ ക്ലാർക്ക്) | : | 9605280610 |
| ശ്രീമതി ജിന്റോമോൾ സിബി | (ക്ലാർക്ക്) | : | 8606189969 |
| ശ്രീ. വിജി പി. ജോസഫ് | (ക്ലാർക്ക്) | : | 9446262811 |
| ശ്രീ. ഷാൻകുമാർ ആർ. | (ക്ലാർക്ക്) | : | 9656743890 |
| ശ്രീ. അൻവർ ഷെറീഫ് | (ഓഫിസ് അറ്റൻഡന്റ്) | : | 9605292675 |
| ശ്രീ. എം.എം. ജോസ് | (പി.ടി.എസ്.) | : | 9746514473 |
| ശ്രീമതി കെ.കെ. വത്സമ്മ | (പി.ടി.എസ്.) | : | 8086047197 |
| കുമാരി സ്മൃതി റ്റി. | (NREGA അസി. എഞ്ചിനിയർ) | : | 9495629767 |
| ശ്രീമതി മഞ്ജു മാത്യു | (NREGA അക്കൗണ്ടന്റ്) | : | 9446863866 |
| ശ്രീ. ജോമിൻ ജോർജ് | (ടെക്നിക്കൽ അസിസ്റ്റന്റ്) | : | 9947908225 |

## നിർവ്വഹണ ഉദ്യോഗസ്ഥർ

| | | | |
|---|---|---|---|
| ശ്രീമതി ഷാജാ ജോസഫ് | (സെക്രട്ടറി) | : | 9496045101 |
| ഡോ: മായ ജേക്കബ് | (വെറ്ററിനറി സർജൻ) | : | 9895435919 |
| ഡോ: ജെറി സെബാസ്റ്റ്യൻ | (മെഡിക്കൽ ആഫീസർ, പി.എച്ച്.സി) | : | 9895449047 |
| ഡോ: ജിൻസൺ വി ജോർജ് | (ആയുർവ്വേദ മെഡിക്കൽ ഓഫീസർ) | : | 9995471167 |
| ഡോ: അനു വിജയൻ | (ഹോമിയോ മെഡിക്കൽ ഓഫീസർ) | : | 9496817536 |
| ശ്രീമതി ജിൻസി | (വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ) | : | 9497356075 |
| ശ്രീമതി എലിസബത്ത് ജോസഫ് | (വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ) | : | 8921223967 |
| ശ്രീമതി ഷിഫാ സെയ്ഫ് | (ഐ.സി.ഡി.എസ്. സൂപ്പർവൈസർ) | : | 9946382347 |
| ശ്രീ. സൂരജ് വി.എസ്. | (അസി. എഞ്ചിനീയർ) | : | 9495789184 |
| ശ്രീ. ബോബൻ പോൾ | (കൃഷി ഓഫീസർ) | : | 9446415270 |
| ശ്രീ. പ്രസാദ് പി. നായർ | (HM, Govt. LPS, കരിങ്കുന്നം) | : | 9446079085 |

## വർക്കിംഗ് ഗ്രൂപ്പുകൾ

| | വർക്കിംഗ് ഗ്രൂപ്പ് | ചെയർമാൻ | കൺവീനർ |
|---|---|---|---|
| 1. | പദ്ധതിരൂപീകരണം കണക്കുകൾ തയ്യാറാക്കൽ | ശ്രീമതി ബീന പയസ് | സെക്രട്ടറി |
| 2. | കൃഷി, ജലസേചനം | ശ്രീ. ബേബിച്ചൻ കെ. എബ്രഹാം | കൃഷി ഓഫീസർ |
| 3. | മൃഗസംരക്ഷണം, ക്ഷീരവികസനം | ശ്രീമതി എത്സമ്മ സെബാസ്റ്റ്യൻ | വെറ്ററിനറി സർജൻ |
| 4. | ചെറുകിട വ്യവസായം | ശ്രീമതി എത്സമ്മ സെബാസ്റ്റ്യൻ | വി.ഇ.ഒ. |
| 5. | പൊതുമരാമത്ത് (ഊർജ്ജം, വൈദ്യുതി) | ശ്രീ. കെ.കെ. തോമസ് | അസി. എഞ്ചിനീയർ LSW |
| 6. | ദാരിദ്ര്യലഘൂകരണം (പാർപ്പിടം ഉൾപ്പടെ) | ശ്രീമതി സ്മിത സിറിയക് | വി.ഇ.ഒ. |
| 7. | സാമൂഹ്യനീതി (വൃദ്ധർ, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർ) | ശ്രീ. ഹരിദാസ് ഗോപാലൻ | ICDS സൂപ്പർവൈസർ |
| 8. | പട്ടികജാതി വികസനം | ശ്രീ. ഹരിദാസ് ഗോപാലൻ | വി.ഇ.ഒ. |
| 9. | പട്ടികവർഗ്ഗ വികസനം | ശ്രീ. ജോജി തോമസ് | സെക്രട്ടറി |
| 10. | വനിതാ വികസനം | ശ്രീമതി ഷൈബി ജോൺ | ICDS സൂപ്പർവൈസർ |
| 11. | ആരോഗ്യം | ശ്രീമതി ഷീബ ജോൺ | മെഡിക്കൽ ഓഫീസർ PHC |
| 12. | കുടിവെള്ളം, ശുചിത്വം (മാലിന്യ പരിപാലനം ഉൾപ്പടെ) | ശ്രീ. അജിമോൻ കെ.എസ് | എ.ഇ. എൽ.എസ്.ജി.ഡി. |
| 13. | വിദ്യാഭ്യാസം, കല, സംസ്ക്കാരം, കായിക വികസനം | ശ്രീമതി സ്വപ്ന ജോയൽ | (എച്ച്.എം. ഗവ.എൽ.പി.എസ്. ) |
| 14. | ജൈവ വൈവിദ്ധ്യ മാനേജ്മെന്റ് പരിസ്ഥിതി സംരക്ഷണം, ദുരന്തനിവാരണം | ശ്രീ. ജോജി തോമസ് | സെക്രട്ടറി |

# കരിങ്കുന്നം പഞ്ചായത്തിൽ സേവനം ചെയ്ത മുൻ പ്രസിഡന്റുമാർ

1. ശ്രീ. ജോസഫ് ചാഴികാടൻ
2. ശ്രീ. കുരുവിള കറുത്തേടത്ത്
3. ശ്രീ. വി.കെ. ചാക്കോ ചക്കുങ്കൽ
4. ശ്രീ. സ്റ്റീഫൻ ചുണ്ടമല
5. ശ്രീ. എ.സി. പത്രോസ് അറയ്ക്കൽ
6. ശ്രീ. യു.കെ. ചാക്കോ ഉറുമ്പിൽ
7. ശ്രീ. ഉലഹന്നാൻ മത്തായി ഇല്ലിക്കപ്പറമ്പിൽ
8. ശ്രീ. എൻ.യു. ഉലഹന്നാൻ നടുപ്പറമ്പിൽ
9. ശ്രീ. ജോമോൻ ജോസഫ് തോട്ടുങ്കൽ
10. ശ്രീ. പി.ജെ. അവിര പൈമ്പിള്ളിൽ
11. ശ്രീമതി ബീന ബിജു കാവനാൽ
12. ശ്രീ. ജോജി തോമസ്
13. ശ്രീ. ജിമ്മി മറ്റത്തിപ്പാറ
14. ശ്രീ. കെ.കെ. തോമസ്
15. ശ്രീമതി ബിന്ദു ബിനു

# ആസൂത്രണ സമിതിയംഗങ്ങൾ

1. അധ്യക്ഷൻ - പ്രസിഡന്റ്
2. ഉപാധ്യക്ഷൻ - സി.എം. ജോൺ ചവറാട്ട്
3. കൺവീനർ - പഞ്ചായത്ത് സെക്രട്ടറി
4. വൈസ് പ്രസിഡന്റ് - ബീന പയസ്
5. വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ - ശ്രീ. തോമസ് കെ.കെ.
6. ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ - ശ്രീമതി സ്മിത സിറിയക്
7. ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ - ശ്രീമതി ഷീബ ജോൺ
8. ബാബു എബ്രാഹം പാണവിലാങ്കൽ
9. രാജു ആനപ്പാറ
10. ബിന്ദു തോമസ്, വെട്ടുക്കലേൽ
11. ഗോപിക മധു, നികർത്തിൽ
12. ആൻസി ബേബി തൊഴുത്തുകര
13. നിഷാ ജോസ് - പ്രേരക്
14. അസിസ്റ്റന്റ് പ്ലാൻ കോഡിനേറ്റർ - ഹെഡ് ക്ലാർക്ക്

## അധ്യായം –1

# ചരിത്രം / ഇന്നലെകൾ

ഇന്നത്തെ കുടിയേറ്റ കാലഘട്ടത്തിനു മുൻപ്, ആയിരത്താണ്ടുകളുടെ പഴക്കമുള്ള ഒരു ജനസംസ്കൃതി ഇവിടെ മൺമറഞ്ഞു പോയിട്ടുണ്ട് എന്ന കരുതപ്പെടുന്നു. എ.ഡി. 1400 –1500 കാലഘട്ടം വരെ കരിങ്കുന്നം ഉൾപ്പെടുന്ന തൊടുപുഴ പ്രദേശമാകെ, കാളിയാർ മൂലമറ്റം, തുടങ്ങിയ സ്ഥലങ്ങളെപ്പോലെ, നിബിഡ വനമായിരുന്നു എന്ന് ചരിത്രരേഖകൾ പറയുന്നു. ഏതാനും ആദിവാസി വിഭാഗങ്ങൾ അക്കാലത്തും ഇവിടെ താമസിച്ചിരുന്നു എന്നതിന്റെ ശേഷിപ്പുകളുണ്ട്. കുലശേഖര സാമ്രാജ്യത്തിന്റെ ഭാഗമായിരുന്ന കാഴ്മലൈനാടിന്റെ ഭാഗമായിരുന്നു കരിങ്കുന്നം. (കുലശേഖര സാമ്രാജ്യത്തിന്റെ കാലഘട്ടത്തിൽ കേരളത്തെ ഭരണസൗകര്യത്തിനുവേണ്ടി വേണാട്, ഓടനാട്, നൻട്രൂഴൈനാട്, മഞ്ചുനാട്, വെമ്പൊലിനാട്, കീഴ്മലൈനാട് എന്നിങ്ങനെവിവിധ പ്രവിശ്യകളായി വിഭജിച്ചിരുന്നു.) കീഴ്മലൈനാട് എ.ഡി. 1600 വരെ നിലനിന്നു. എ.ഡി. 1600 ൽ വടക്കും കൂറുമായുള്ള യുദ്ധത്തിൽ പരാജയപ്പെട്ടതിനെതുടർന്ന് കീഴ്മലൈനാട് മുഴുവൻ വടക്കുംകൂറിന്റെ അധീനതയിലായി. 1750 കളിൽ തിരുവിതാംകൂർ രാജാവ് മാർത്താണ്ഡവർമ്മ വടക്കുംകൂർ ആക്രമിച്ച് കീഴടക്കി തിരുവിതാംകൂറിന്റെ ഭാഗമാക്കിത്തീർത്തു.

മാർത്താണ്ഡവർമ്മയുടെ പടയോട്ടക്കാലത്ത് രൂപംകൊണ്ട വഴിത്താരകളും വനങ്ങളിലൂടെയുള്ള കൂപ്പുറോഡുകളും കാലാന്തരത്തിൽ വികാസം പ്രാപിച്ചുണ്ടായതാണ് ഇന്നത്തെ പ്രധാനറോഡുകൾ. ദശകങ്ങൾക്ക് മുൻപ് സമ്പന്നർ വില്ലുവണ്ടിയിൽ സഞ്ചരിച്ചിരുന്ന വഴികൾ ഇന്ന് പൂർണ്ണമായും ടാറിട്ട് എല്ലാവർക്കും സഞ്ചരിക്കാവുന്ന റോഡുകളായി മാറിയിരിക്കുന്നു.

അനേകം കുന്നുകളാൽ ചുറ്റപ്പെട്ടതും, വേനൽക്കാലത്ത് ജലത്തിന് രൂക്ഷമായ ക്ഷാമം അനുഭവപ്പെട്ടിരുന്നതുമായ ഈ പ്രദേശത്തെ 'കരിങ്കുന്ന്' എന്ന് ആളുകൾ വിളിച്ചുവന്നു. അഞ്ചു നൂറ്റാണ്ടുകൾ മുമ്പെങ്കിലും ഇവിടേക്ക് കുടിയേറ്റം നടന്നിട്ടുണ്ടെന്ന് കരുതുന്നു. വൈക്കം, കടുത്തുരുത്തി, പാല, രാമപുരം തുടങ്ങിയ സ്ഥലങ്ങളിൽ നിന്ന് കുടിയേറി പാർത്തവരാണ് ക്രിസ്ത്യൻ മത വിശ്വാസികളുടെ മുൻതലമുറ. ഹിന്ദു സമുദായത്തിൽപെട്ട ഭൂഉടമകൾ കുടിയേറ്റ കർഷകർക്ക് സ്ഥലവും അഭയവും നൽകി സഹായിച്ചു. ആനയും മറ്റ് കാട്ടുമൃഗങ്ങളും വിഹരിച്ചിരുന്ന നിബിഡവനങ്ങൾ അദ്ധ്വാനശീലരായ കുടിയേറ്റക്കാരുടെ വിയർപ്പിലൂടെ ഫലഭൂയിഷ്ഠമായ കൃഷി ഭൂമിയായി രൂപാന്തരപ്പെട്ടു. ഇന്നത്തെ പുത്തൻപള്ളിയും (നെടിയകാട്) കരിങ്കുന്നം ടൗണിലെ ശാസ്താംപാറയും കേന്ദ്രീകരിച്ച് കൂട്ടമായാണ് അന്ന് കർഷക കുടുംബങ്ങൾ താമസിച്ചിരുന്നത്. കരിങ്കുന്നത്തെ ആദ്യകാല ആരാധനാലയമായി എല്ലാവരും അംഗീകരിച്ചു പോരുന്നത് ശാസ്താംപാറയിലെ ശാസ്താക്ഷേത്രത്തെയാണ്. ഒരു പക്ഷെ, ഇല്ലിചാരിയിലെ ഭഗവതിക്ഷേത്രത്തിന് അതിലും പഴക്കം ഉണ്ടായിരിക്കാനിടയുണ്ട്. നൂറ്റണ്ടുകളുടെ പഴക്കമുള്ള ഇല്ലിചാരിയിലെ ചക്കിയള്ളും മല ദേവീ ക്ഷേത്രം ആദിവാസികളുടെ സംസ്ഥാനത്തെ തന്നെ തനത് ക്ഷേത്രങ്ങളിൽ ഒന്നാണ്.

കരിങ്കുന്നത്ത് കുടിയേറിപാർത്ത കത്തോലിക്ക കുടുംബങ്ങൾ കാലാന്തരത്തിൽ വളർന്ന്, സമീപപ്രദേശങ്ങളാകെ കൃഷിയിടങ്ങളും വാസ

സ്ഥലങ്ങളുമായി രൂപാന്തരപ്പെടുകയും ചെയ്തു. ക്രിസ്ത്യൻ മതവിശ്വാസികൾ രാമപുരം പള്ളിയുടെ ഒരു കുരിശുപള്ളി കരിങ്കുന്നത്ത് സ്ഥാപിച്ച് തങ്ങളുടെ പ്രാർത്ഥനകളും ആത്മീയ കാര്യങ്ങളും നിർവ്വഹിച്ചുപോന്നു. ഈ കുരിശുപള്ളിയാണ് ഇന്നത്തെ സെന്റ് അഗസ്റ്റിൻസ് ദേവാലയമായി മാറിയിട്ടുള്ളത്. ഇന്ന് പഞ്ചായത്തിലെ പ്രധാനമത സമൂഹങ്ങൾക്കെല്ലാം അവരുടേതായ ആരാധനാലയങ്ങളുണ്ട്. കരിങ്കുന്നം, നെടിയകാട്, വശക്കുംമുറി, മ്രാല, പൊന്നന്താനം, ഒറ്റല്ലൂർ എന്നിവ പ്രശസ്ത ക്രിസ്തീയ ദേവാലയങ്ങളാണ്. ശാസ്താംപാറ ശാസ്താക്ഷേത്രം, കരിമ്പനക്കാവ് ദേവീക്ഷേത്രം, ചക്കിയള്ളും മല ദേവീക്ഷേത്രം എന്നിവ പ്രമുഖ ഹൈന്ദവ ക്ഷേത്രങ്ങളാണ്.

ക്ഷേത്രത്തിന്റെ വിദ്യാഭ്യാസമുന്നേറ്റത്തിന്റെ അണുരണനങ്ങൾ തുടക്കം മുതൽ ഈ പ്രദേശത്തും ദൃശ്യമായിരുന്നു. ഔപചാരിക വിദ്യാലയങ്ങൾ വരുന്നതിന് മുൻപ്, കുടിപള്ളിക്കൂടങ്ങൾ ഈ പ്രദേശത്ത് പ്രവർത്തിച്ചിരുന്നു. എങ്കിലും എല്ലാവർക്കും വിദ്യാഭ്യാസത്തിനുള്ള അവസരം ലഭിച്ചിരുന്നില്ല. റാണി ഗൗരി ഭായിയുടെ 1819 ലെ വിദ്യാഭ്യാസ വിളംമ്പരം, 19-ാംനൂറ്റാണ്ടിലെ നവോത്ഥാനപ്രസ്ഥാനങ്ങൾ തുടങ്ങിയവ ഈ പ്രദേശത്തെ വിദ്യാഭ്യാസ മുന്നേറ്റത്തിന് ആക്കം കൂട്ടിയ ഘടകങ്ങളാണ്. കുടിപള്ളിക്കൂടങ്ങൾക്കപ്പുറം വിദ്യാഭ്യാസത്തിന്റെ വിശാലമേഖലകളിലേക്ക് കുതിക്കുവാൻ ആളുകൾ അങ്ങേയറ്റം ആഗ്രഹിച്ചിരുന്നു. അതിനായി ഉല്പതിഷ്ണുക്കളായ നാട്ടുകാർ പരിശ്രമിച്ചുകൊണ്ടിരുന്നു. അക്കാലത്താണ് തിരുവിതാംകൂർ ദിവാനായിരുന്ന ശ്രീ രാജഗോപാലാചാരി യാത്രാ മദ്ധ്യേ കരിങ്കുന്നത്ത് വിശ്രമിക്കാൻ ഇടയായത്. ആ അവസരത്തിൽ, അന്ന് വിദ്യാർത്ഥിയായിരുന്ന ശ്രീ ജോസഫ് ചക്കുങ്കലിന്റെ നേതൃത്വത്തിൽ കരിങ്കുന്നം നിവാസികൾ ദിവാനെമുഖം കാണിക്കുകയും തങ്ങളുടെ സാഹചര്യങ്ങളും ആഗ്രഹങ്ങളും വിശദീകരിക്കുകയും, ഒരു സ്കൂൾ അനുവദിച്ചു തരണമെന്ന് അപേക്ഷിക്കുകയും ചെയ്തു. സാമൂഹ്യപുരോഗതിയിൽ വിദ്യാഭ്യാസത്തിന് ഏറെ പ്രാധാനമുണ്ടെന്ന് തിരിച്ചറിഞ്ഞിരുന്ന ദിവാൻ ഈ നാടിന് ഒരു സ്കൂൾ അനുവദിച്ചു കൊണ്ട് ഉത്തരവിട്ടു. അങ്ങനെ1912 ൽ ഒരു നാടിന്റെ ആകെ ചിരകാല സ്വപ്നസാഫല്യമായി എം.എം. സ്കൂൾ എന്ന പേരിൽ ഒരു വിദ്യാലയം ഇന്നത്തെ പോലീസ് സ്റ്റേഷൻ സ്ഥിതിചെയ്യുന്ന സ്ഥലത്ത് ഒരു ഓല ഷെഡ്ഡിൽ പ്രവർത്തനം ആരംഭിച്ചു. പിന്നീട് ഗവൺമെന്റ് ഏർപ്പാടാക്കിയ സ്ഥലത്ത് ഒരു നാടിന്റെ ആകെ സ്നേഹവും പിന്തുണയും ആവാഹിച്ച് വിപുലീകരിച്ച വിദ്യാലയമായണ് നമ്മുടെ ഗവൺമെന്റ് എൽ.പി. സ്കൂൾ. കാൽ നൂറ്റാണ്ടുകാലത്തെ ജനകീയാസൂത്രണ പ്രവർത്തനങ്ങളുടെ ഫലമായി, “പാറേൽ പള്ളിക്കൂടം” എന്ന വിളിപ്പേരിൽ അറിയപ്പെട്ടിരുന്ന സ്കൂൾ, ഇന്ന് എല്ലാവിധ ആധുനിക സംവിധാനങ്ങളുമുള്ള ജില്ലയിലെ പ്രമുഖ സ്കൂളുകളിൽ ഒന്നായി തലയുയർത്തി നില്ക്കുന്നു. നാല് എൽ.പി.സ്കൂൾ, മൂന്ന് യു.പി.സ്കൂൾ, ഒരു ഹൈസ്കൂൾ, ഒരു ഹയർ സെക്കണ്ടറി സ്കൂൾ എന്നിങ്ങനെവിദ്യാഭ്യാസ രംഗത്ത് വലിയ മുന്നേറ്റം കുറിക്കാൻ ഇന്ന് പഞ്ചായത്തിന് കഴിഞ്ഞിരിക്കുന്നു.

1122 കന്നിമാസം 23-ാം തീയതി കരിങ്കുന്നം ഗ്രാമത്തെ സംബന്ധിച്ചിടത്തോളം അവിസ്മരണീയമായ ദിനമാണ്. അന്നാണ് ഈ ഗ്രമത്തിന്റെ വികസനം ലക്ഷ്യമാക്കി കരിങ്കുന്നത്ത് ഒരു ഗ്രാമോദ്ധാരണ സമിതി രൂപീകരിക്കാൻ തിരുവിതാംകൂർ ലെജിസ്ലേച്ചർ തീരുമാനിച്ചത്. അതിന്റെ അടിസ്ഥാനത്തിൽ വിളിച്ചു ചേർത്ത പൊതു യോഗത്തിൽ ഗ്രാമോദ്ധാരണ സമിതി ഓഫീസർ ബ്രഹ്മശ്രീ വൈദ്യനാഥ അയ്യർ അദ്ധ്യക്ഷം വഹിച്ചു. കരിങ്കുന്നം ഗ്രാമോദ്ധാരണ

കേന്ദ്രത്തിന്റെ ആദ്യ പ്രസിഡന്റായി ശ്രീ. ജോസഫ് ചാഴികാടൻ എം.എൽ.എ.യേയും കമ്മറ്റിയംഗങ്ങളായി ആറ് പേരേയും തെരഞ്ഞെടുത്തു.

നാടിന്റെ മോചനത്തിനായി സ്വാതന്ത്ര്യ സമരത്തിൽ അണിനിരന്നവരും, കലാ-സാഹിത്യ -സാംസ്കാരിക മേഖലകളിൽ നിറ സാന്നിദ്ധ്യമായിരുന്നവരും നമ്മുടെ നാടിന്റെ പേരും പെരുമയും ഉയർത്തിപ്പിടിച്ചവരാണ്. ശ്രീ കരിങ്കുന്നം ചന്ദ്രൻസാർ, ശ്രീമതി തൊടുപുഴ വാസന്തി തുടങ്ങിയവർ അവരിൽ ചിലർ മാത്രം. കർഷകരെ അവർ ജനിച്ച മണ്ണിൽ ഉറപ്പിച്ചു നിർത്തുന്നതിനായി സംഘടിപ്പിച്ചിരുന്ന കർഷക സമരത്തിന് നേതൃത്വവും ദിശാബോധവും നൽകി ഈ ഗ്രാമത്തിൽ എത്തിച്ചേർന്നിരുന്ന സർവ്വശ്രീ എ.കെ.ജി., കെ.ആർ.ഗൗരിയമ്മ, ടി.കെ. രാമകൃഷ്ണൻ, മത്തായി മാഞ്ഞൂരാൻ തുടങ്ങിയവരെ ആദരവോടെ സ്മരിക്കുന്നു.

ആദ്യകാലത്ത് സുഗന്ധവ്യഞ്ജനങ്ങളും, നെല്ലും, തന്നാണ്ട് വിളകളും കൃഷി ചെയ്തിരുന്ന കർഷകർ പിന്നീട് തെങ്ങ്, കമുക് തുടങ്ങിയ ദീർഘകാല വിളകളിലേക്ക് തിരിഞ്ഞു. കാറ്റുവീഴ്ചയും മറ്റ് രോഗങ്ങളാലും തെങ്ങിൻ തോപ്പുകൾ നശിച്ചു തുടങ്ങിയതിനു പുറമെ, കൊപ്രയുടെ വിലയിടിവും തെങ്ങ് കൃഷി അനാദായകരവും അനാകർഷകവുമാക്കിത്തീർത്തു. ഇക്കാലത്ത് റബ്ബറിന് ലഭിച്ചിരുന്ന പ്രോത്സാഹനവും ഉയർന്ന വിലയും റബ്ബർ കൃഷിയിലേക്ക് ചുവടുമാറ്റം നടത്താൻ കർഷകരെ പ്രേരിപ്പിച്ചു. ഇന്ന് റബ്ബറിന്റെ വിലയിടിവും വില അസ്ഥിരതയും കർഷകന്റെ എല്ലാ പ്രതീക്ഷകളെയും തകർത്തിരിക്കുകയാണ്. നിയന്ത്രണമില്ലാത്ത ഇറക്കുമതി കാർഷിക രംഗം വിട്ടൊഴിയാൻ കർഷകരെ നിർബന്ധിതരാക്കിയിരിക്കുന്നു.ഇന്ന് ഒരു കാർഷിക ഉല്പന്നത്തിനും വിലസ്ഥിരത ഇല്ലാത്ത വിപണിസാഹചര്യമാണ് ഉള്ളത്.

കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയിൽ വന്നിട്ടുള്ള മുന്നേറ്റം അഭ്യസ്തവിദ്യരായ ധാരാളം തൊഴിൽ രഹിതരെ സൃഷ്ടിച്ചു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള മികച്ച തൊഴിലവസരങ്ങൾ തേടി ഈ ഗ്രാമത്തിലെ യുവാക്കൾ നാടുവിടുന്ന പ്രവണത വർദ്ധിച്ചുവരുന്നു. അമിതമായ ഉപഭോഗതൃഷ്ണതയും കായികാദ്ധ്വാനത്തോടുള്ള വിമുഖതയും വീട് നിർമ്മാണത്തോടുള്ള ഭ്രമവും കൂടിച്ചേർന്ന് വിദേശ പണത്തിന്റെ വർദ്ധിച്ചവരവിനെപ്രത്യുല്പാദനപരമല്ലാതാക്കിയിരിക്കുന്നു. കൃഷിയിടങ്ങളും വയലും ആഡംബരവീടുകൾക്ക് വഴിമാറിയിരിക്കുന്നു. വീടുകൾ പലതും വൃദ്ധജനങ്ങൾ മാത്രമുള്ള ആഡംബര കെട്ടിടങ്ങൾ മാത്രമായി പരിണമിക്കുന്നത് പരിഹാരം കാണേണ്ട പുതിയ ഒരു സാമൂഹ്യപ്രശ്നമായി ഉയർന്നു വന്നിരിക്കുന്നു. ജീവിത ശൈലീ രോഗങ്ങൾ വർദ്ധിച്ചുവരുന്നു. ചെറുകിട വ്യവസായം, തൊഴിൽമേഖല, സ്വയം തൊഴിൽ രംഗം, കൃഷി എന്നിവയിലൊന്നും അനുകൂല സാഹചര്യങ്ങൾ ഇനിയും വിനിയോഗിക്കപ്പെട്ടിട്ടില്ല. കൃഷി, ചെറുകിട വ്യവസായം, സ്വയം തൊഴിൽ, കുട്ടികളുടെയും വൃദ്ധരുടെയും പരിപാലനം, സാമൂഹ്യനീതി ഉറപ്പാക്കൽ, തുടങ്ങിയ രംഗങ്ങളിലെല്ലാം ജനകീയാസൂത്രണ പ്രസ്ഥാനം നൽകുന്ന ഊർജ്ജവും കുതിപ്പും കരിങ്കുന്നം ഗ്രാമത്തെ ഒരു വികസിത നാടാക്കി മാറ്റുമെന്ന് നമുക്ക് ഉറപ്പിക്കാം.

# ജനകീയാസൂത്രണം കാൽ നൂറ്റാണ്ട് പിന്നിടുമ്പോൾ

ഇടുക്കി ജില്ലയിലെ തൊടുപുഴ താലൂക്കിൽ ഉൾപ്പെട്ടിട്ടുള്ള ഗ്രാമപഞ്ചായത്താണ് കരിങ്കുന്നം. 13 വാർഡുകളുള്ള ഈ ഗ്രാമ പഞ്ചായത്തിന്റെ വിസ്തൃതി 22.67 ച.കി.മീ ആണ്. 2011 ലെ സെൻസസ് പ്രകാരം ജനസംഖ്യ 13645 ഉം പട്ടികജാതി ജനസംഖ്യ. പട്ടികവർഗ്ഗ ജനസംഖ്യ ഉം ആണ്.

കരിങ്കുന്നം ഗ്രാമപഞ്ചായത്ത്, ഇടുക്കി പാർലമെന്റ് മണ്ഡലത്തിലെ തൊടുപുഴ നിയോജകമണ്ഡലത്തിൽപ്പെടുന്നു. ഈ പഞ്ചായത്തിൽ ഒരു വില്ലേജും മൂന്ന് ബ്ലോക്ക് പഞ്ചായത്ത് ഡിവിഷനുകളും ഉൾപ്പെടുന്നു.

മലകളും കുന്നുകളും താഴ്വരകളുമടങ്ങുന്ന ഭൂപ്രകൃതിയാണ് ഇവിടെയുള്ളത്. കാർഷിക ഗ്രാമമായ ഈ പഞ്ചായത്തിൽ ദീർഘകാല വിളകൾക്ക് പ്രാമുഖ്യം നൽകിയിട്ടുണ്ട്. കൃഷി ഭൂമിയിൽ ഏറിയ പങ്കും റബ്ബർ കൈയടക്കിയിരിക്കുന്നു. തെങ്ങ്, പൈനാപ്പിൾ, മരച്ചീനി, വാഴ, ഇഞ്ചി, കുരുമുളക്, നെല്ല്, പച്ചക്കറികൾ എന്നിവയും കൃഷി ചെയ്തുവരുന്നു.

കഴിഞ്ഞ പഞ്ചവത്സര പദ്ധതികളിലൂടെ കൃഷിയും അനുബന്ധമേഖലകളിലും പഞ്ചായത്തിന് ഇടപെടാനും മുന്നേറ്റം ഉണ്ടാക്കാനും കഴിഞ്ഞിട്ടുണ്ട്. പതിമൂന്നാം പദ്ധതിയുടെ വാർഷിക പദ്ധതികൾ പൂർത്തീകരണത്തോട് അടുക്കുകയാണ്. തെങ്ങ് കൃഷി വികസനം, നെൽകൃഷിവ്യാപനം, പച്ചക്കറികൃഷി എല്ലാ വീടുകളിലേക്കും എത്തിക്കൽ, കന്നുകുട്ടി പരിപാലനം, മുട്ടക്കോഴി വിതരണം തുടങ്ങിയ പദ്ധതികൾ കാർഷിക മേഖലയിൽ ചലനങ്ങളുണ്ടാക്കിയവയാണ്. ഉല്പാദനവർദ്ധനവിലൂടെ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കാൻ പാൽ, മുട്ട, പച്ചക്കറികൾ തുടങ്ങിയ മേഖലകളിൽ സ്വയം പര്യാപ്തത ലക്ഷ്യമാക്കി പ്രവർത്തിക്കാനും കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്തിലെ സമ്പൂർണ്ണ നീർത്തട മാസ്റ്റർ പ്ലാൻ നിർവ്വഹണ ഘട്ടത്തിലാണ്.

സേവനമേഖലയിൽ സജീവമായി ഇടപെടുന്നതിന് പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. കക്കൂസ് നിർമ്മാണം, ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, ഭവനനിർമ്മാണം, വീട് മെയിന്റനൻസ്, ആശുപത്രികൾക്ക് മരുന്ന് വാങ്ങൽ, ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമാക്കൽ, പൗരാവകാശ രേഖ പ്രസിദ്ധീകരിക്കൽ, അംഗൻവാടികൾക്ക് ഫർണീച്ചറും ഉപകരണങ്ങളടക്കം നൽകി ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, ആശുപത്രികൾക്കും സ്കൂളുകൾക്കും ഫർണീച്ചർ നൽകൽ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി. ഈ പദ്ധതികളിലൂടെ ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനവും ക്ഷേമവും ഉറപ്പാക്കാൻ കഴിഞ്ഞു.

പശ്ചാത്തല മേഖലയിൽ അത്യാവശ്യ റോഡ് നിർമ്മാണവും പഞ്ചായത്തിലെ റോഡുകളുടെ മെയിന്റനൻസും നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ വികസനത്തിന് ലഭ്യമായ തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്. വനിത -ശിശു-വയോജനം-ഭിന്നശേഷി വിഭാഗങ്ങൾക്ക് നിശ്ചിത ശതമാനം തുക നീക്കിവച്ച്, അവർക്കായുള്ള ക്ഷേമ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. 108 കുടുംബശ്രീ യൂണിറ്റുകളിലായി നിരവധി വനിതാ ശാക്തീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. 1235 വനിതകൾ കുടുംബശ്രീയിൽ അംഗങ്ങളാണ്. പഞ്ചായത്തിൽ 12 ജെ.എൽ.ജി. ഗ്രൂപ്പുകൾ പ്രവർത്തിക്കുന്നുണ്ട്. വനിത-ശിശുവികസനവുമായി ബന്ധപ്പെട്ട് 17 അംഗൻവാടികൾ മാതൃകാപരമായി സേവനം നൽകുന്നവയാണ്.

പൊതുജനാരോഗ്യ രംഗത്ത് അലോപ്പതി, ആയുർവ്വേദം, ഹോമിയോ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു. കരിങ്കുന്നം കുടുംബാരോഗ്യ കേന്ദ്രം, ആയുർവ്വേദ ഡിസ്പെൻസറി, ഇല്ലിചാരി ആയുർവ്വേദ സബ്ബ് സെന്റർ, നെല്ലാപ്പാറ-പൊന്നന്താനം ഹോമിയോ ഡിസ്പെൻസറികൾ എന്നിവയെല്ലാം പൊതുജനാരോഗ്യ മേഖല

യിൽ മികച്ച സേവനങ്ങൾ നൽകുന്ന സർക്കാർ സ്ഥാപനങ്ങളാണ്.

പഞ്ചായത്തിലെ വിവിധ ജനവിഭാഗങ്ങൾ പരസ്പര ബഹുമാനത്തോടെയും സ്നേഹത്തോടെയും അധിവസിക്കുന്ന ഗ്രാമമാണിത്. എല്ലാ വിഭാഗങ്ങൾക്കും അവരുടേതായ ആരാധനാലയങ്ങളുണ്ട്. പെരുന്നാളുകളും ഉത്സവങ്ങളും ഈ നാടിന്റെ സാംസ്കാരിക ഉന്നതിയുടെ വിളംബരമെന്ന നിലയിൽ ഒരുമയോടെ ആഘോഷിക്കുന്നു. ജനങ്ങളുടെ സമാധാനശീലവും സൗഹാർദ്ദത്തിന്റെ ഊഷ്മളതയും പരസ്പര ബഹുമാനവും ഈ പ്രദേശത്തെ ആകെ സന്തോഷത്തിലേക്കും വികസനത്തിലേക്കും നയിക്കുന്നു.

കോട്ടങ്ങൾ . പരിമിതികൾ

ജനകീയാസൂത്രണം വികസനത്തിനുള്ള അനന്തസാദ്ധ്യതകൾ മുന്നോട്ടു വയ്ക്കുന്നുണ്ടെങ്കിലും ഒട്ടേറെ പരിമിതികളും നേരിടുന്നുണ്ട്. ജനകീയാസൂത്രണത്തിന്റെ ഉപജ്ഞാതാക്കൾ വിഭാവനം ചെയ്ത വിധത്തിൽ നേട്ടങ്ങളിലെത്താനായില്ല.

ജനപങ്കാളിത്തം

ജനപങ്കാളിത്തത്തോടെയുള്ള ആസൂത്രണ-നിർവ്വഹണ പ്രക്രിയയാണ് ജനകീയാസൂത്രണത്തിന്റെ നട്ടെല്ല്. ജനപങ്കാളിത്തം ശോഷിച്ച് നാമമാത്രമായിപോലും ലഭിക്കാത്ത സ്ഥിതിയാണ് ഇന്നുള്ളത്. തൊഴിലവസരങ്ങളും വരുമാനവും വർദ്ധിച്ചതോടുകൂടി പരസ്പരാശ്രയത്വം ആവശ്യമില്ല എന്ന തെറ്റായ ധാരണ സമൂഹത്തിൽ വർദ്ധിച്ചുവരുന്നു. ഗ്രാമസഭകളുടെ ഘടകങ്ങളായി കുടുംബശ്രീ, അയൽക്കൂട്ടങ്ങൾ, റെസിഡൻസ് അസ്സോസിയേഷനുകൾ, സ്കൂൾ പി.ടി.എ.കൾ, ആശുപത്രി വികസന സമിതികൾ, വിദ്യാർത്ഥി-യുവജനകൂട്ടായ്മകൾ എന്നിവ വളർത്തി എടുക്കുക എന്നതാണ് ജനപങ്കാളിത്തം മെച്ചപ്പെടുത്തുന്നതിനുള്ള മാർഗ്ഗം.

അഴിമതി

ജനകീയാസൂത്രണം വിഭാവനം ചെയ്തതുപോലെ അഴിമതി ഇല്ലാതാക്കാൻ കഴിഞ്ഞിട്ടില്ലെന്നു മാത്രമല്ല, വർദ്ധിച്ചു വരുന്നതായിപോലും വിമർശനമുണ്ട്. പൗരാവകാശ രേഖയും സോഷ്യൽ ഓഡിറ്റും മാത്രമാണ് ഇതിനുള്ള പ്രതിവിധി.

കായികാദ്ധ്വാനത്തോടുള്ള വിമുഖത

കായികാദ്ധ്വാനത്തോടുള്ള സമീപനം ഉല്പാദനമേഖലയുടെ വളർച്ചയ്ക്ക് ചേർന്നതല്ല. സ്വയംതൊഴിൽ പദ്ധതികൾ വിരളമാണ്. കാർഷിക ഉല്പന്നങ്ങൾ അടിസ്ഥാനമാക്കിയുള്ള വ്യവസായ യൂണിറ്റുകളില്ല.

സംയോജിത പരിപാടി നടപ്പാക്കാനാകുന്നില്ല.

സംയോജിത പരിപാടി വേണ്ടത്ര ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നില്ല എന്നത് ഇന്നത്തെ ആസൂത്രണത്തിന്റെ പ്രധാനപരിമിതിയാണ്. ഓരോ പഞ്ചായത്തിലും ഓരോ മേഖലയും നടപ്പിലാക്കാൻ കഴിയുന്ന സംയോജിത പരിപാടിയെ കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകേണ്ടതുണ്ട്.

സ്ത്രീകളോടുള്ള മനോഭാവവും ഗാർഹിക പീഡനങ്ങളും

സ്ത്രീകളോടുള്ള മനോഭാവം പ്രാകൃതമായി തുടരുന്നു. ഗാർഹിക പീഡനങ്ങൾ ഇന്നും തുടരുന്നു. അതിക്രമങ്ങൾ കുറക്കുന്നതിനുള്ള പരിപാടികൾ തീവ്രമാക്കേണ്ട സാഹചര്യമുണ്ട്.

ദുർബലവിഭാഗങ്ങളെ ആസൂത്രണ പ്രക്രിയയിൽ കൂടുതലായി പങ്കെടുപ്പിക്കാൻ ബോധപൂർവ്വമായ ശ്രമം നടത്തണം.

പരമമിതികൾ തരണം ചെയ്യാൻ നമ്മൾ തന്നെ മുൻകൈയെടുക്കണം. പഞ്ചായത്തിന്റെ ആസൂത്രണ-നിർവ്വഹണ പ്രക്രിയകൾ കൂടുതൽ ജനപങ്കാളിത്തം ഉറപ്പാക്കിയാൽ ഈ പോരായ്മകൾ പരിഹരിക്കാവുന്നതേയുള്ളു.

# ഭൂപ്രകൃതി

ഹൈറേഞ്ചു പ്രദേശത്താൽ നിബിഡമായ ഇടുക്കി ജില്ലയുടെ പടിഞ്ഞാറു ഭാഗത്തുള്ള തൊടുപുഴ താലൂക്കിന്റെ തെക്കേ അറ്റത്ത് കോട്ടയം ജില്ലയോട് ചേർന്ന് കിടക്കുന്നതും 13 വാർഡുകൾ ഉൾപ്പെടുന്നതുമാണ് നമ്മുടെ പഞ്ചായത്ത്. തെക്ക് വശം കോട്ടയം ജില്ലയും വടക്ക് തൊടുപുഴ മുനിസിപ്പൽ പ്രദേശവും കിഴക്ക് മുട്ടം, ഇടവെട്ടി പഞ്ചായത്തുകളും പടിഞ്ഞാറ് പുറപ്പുഴ പഞ്ചായത്തും സ്ഥിതി ചെയ്യുന്നു. വിസ്തീർണ്ണം 22.67 ച.കി.മീ. ആണ്. ബഹുഭൂരിപക്ഷം പ്രദേശങ്ങളും ചെറുതും വലുതുമായ കുന്നുകളാൽ നിബിഡമാണ് ഈ പ്രദേശം. തെക്കുപടിഞ്ഞാറുള്ള ഉയർന്ന മലകളാൽ ചുറ്റപ്പെട്ട ഈ പ്രദേശത്തിന്റെ 3,4,5,6 എന്നീ വാർഡുകളിലാണ് ഏറ്റവും ഉയർന്ന പ്രദേശങ്ങൾ. ഇല്ലിചാരി, മറ്റത്തിപ്പാറ, നെല്ലാപ്പാറ, വെള്ളംനീക്കിപ്പാറ എന്നീ പ്രദേശങ്ങൾ ഇതിൽ ഉൾപ്പെടുന്നു. 1,2,7,8 എന്നീ വാർഡുകളും ചെറിയ കുന്നുകളാൽ നിബിഡമാണ്. ഒരു കാലത്ത് വന്യജീവികളുടെ ആവാസകേന്ദ്രമായിരുന്നു ഇല്ലിചാരി, നെല്ലാപ്പാറ എന്നീ ഘോരവനങ്ങൾ. ഇന്ന് ജനവാസമുള്ള കുടിയേറ്റ പ്രദേശങ്ങളാണ്. നിബിഡവനങ്ങൾ ഇപ്പോൾ ഈ പഞ്ചായത്തിലില്ല. പൊതുവെ ചരൽ കലർന്ന മണ്ണാണ് കാണപ്പെടുന്നത്. കിഴക്കുഭാഗത്ത് തൊടുപുഴയാർ തൊട്ടുരുമ്മി ഒഴുകുന്നുണ്ട്. താഴ്ന്ന പ്രദേശങ്ങളിൽ ധാരാളം നെൽവയലുകൾ ഉണ്ടായിരുന്നെങ്കിലും ഇന്നതിന്റെ വിസ്തീർണ്ണം കുറഞ്ഞുകൊണ്ടിരിക്കുകയാണ്. പൊതുവേ കുന്നുകളും ചെരുവകളും താഴ്വരകളും ഉൾപ്പെടുന്നതാണ് നമ്മുടെ പഞ്ചായത്ത്. ദീർഘകാല വിളകളിലേക്കുള്ള മനുഷ്യന്റെ ഈ മാറ്റം മൂലം മണ്ണിന്റെ ഫലഭൂയിഷ്ഠതയും ജലസംഭരണശേഷിയും ദൈനംദിനം കുറഞ്ഞുകൊണ്ടിരിക്കുകയും മണ്ണൊലിപ്പു കൂടുകയും ചെയ്തുകൊണ്ടിരിക്കുന്നു.

തെക്കുപടിഞ്ഞാറൻ മൺസൂണും വടക്കുകിഴക്കൻ മൺസൂണും ഇവിടെ കിട്ടുന്നുണ്ടെങ്കിലും ജലദൗർലഭ്യം നേരിടുന്ന ഒരു പ്രദേശമാണ് ഇവിടം. പ്രധാന ജലസ്രോതസ്സുകൾ കിണറുകളും കുളങ്ങളും ചെറിയ തോടുകളും അടങ്ങിയതാണ്. ധാരാളം ജലം ഉൾക്കൊള്ളുന്ന തൊടുപുഴയാർ നമ്മുടെ പഞ്ചായത്തിന്റെ കിഴക്കേ അതിർത്തിയിൽ തൊട്ടുരുമ്മി കടന്നു പോകുന്നു. ഭൂഗർഭജലസമ്പത്തും വേണ്ടത്ര ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിയാത്ത ഒരു പ്രദേശമാണ് നമ്മുടേത്. പ്രധാന ശ്രോതസ്സുകളായ കിണർ, കുളം എന്നിവയിൽ വർഷത്തിൽ 10 മാസം വരെ മാത്രമേ ജലലഭ്യതയുള്ളൂ.

ഈ പഞ്ചായത്തിലെ ഭൂരിപക്ഷം പ്രദേങ്ങളും കാർഷികവിളകളാൽ സമൃദ്ധമാണ്. കാർഷികേതര തരിശുഭൂമികൾ നന്നെ കുറവാണ്. കാർഷികവിളകളിൽ റബ്ബർ, തെങ്ങ് തുടങ്ങിയ ദീർഘകാല വിളകളാണ് ഭൂരിപക്ഷം പ്രദേശത്തും. നെൽവയലുകളിൽ ഒരുപ്പു ഇരുപ്പു കൃഷിയിടങ്ങളാണ് കൂടുതലും മൂന്നുകൃഷി ചെയ്യുന്ന സ്ഥലങ്ങൾ ഇല്ലെന്നു തന്നെ പറയാം. വിളകളോടൊപ്പം വ്യാപാര പ്രധാനമായ തടികളും ഫലവൃക്ഷങ്ങളും ധാരാളമായി നട്ടു വളർത്തുന്നു.

പൊതുവേ സമശീതോഷ്ണ മേഖലയാണിവിടം. വലിയ തണുപ്പോ, വലിയ ചൂടോ സാധാരണഗതിയിൽ അനുഭവപ്പെടാറേയില്ല. ജൂൺ, ജൂലൈ മാസങ്ങളിൽ കാലവർഷവും ഒക്ടോബർ, നവംബർ മാസങ്ങളിൽ തുലാവർഷവും ഇവിടെ ലഭിക്കുന്നു. ഏപ്രിൽ, മെയ് മാസങ്ങളിൽ കടുത്ത ചൂടും, ഡിസംബർ, ജനുവരി മാസങ്ങളിൽ തണുപ്പും ഇവിടെ അനുഭവപ്പെടുന്നു. വേനൽക്കാലത്ത് കുടിവെള്ളക്ഷാമം രൂക്ഷമാകുന്ന ഒരു പ്രദേശവും കൂടിയാണ് പഞ്ചായത്ത്.

അദ്ധ്യായം 2

# പ്രകൃതിദുരന്തങ്ങളും അതിജീവനവും

തെക്കു പടിഞ്ഞാറൻ മൺസൂണും വടക്കു കിഴക്കൻ മൺസൂണും ഇവിടെ കിട്ടുന്നു. ജൂൺ, ജൂലൈ മാസങ്ങളിൽ കാലവർഷവും ഒക്ടോബർ-നവംബർ മാസങ്ങളിൽ തുലാവർഷവും ലഭിക്കുന്നുണ്ട്. ഏപ്രിൽ, മെയ് മാസങ്ങളിൽ കടുത്ത ചൂടും, ഡിസംബർ-ജനുവരി മാസങ്ങളിൽ തണുപ്പും അനുഭവപ്പെടുന്നു. വേനൽക്കാലത്ത് അതിരൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടേണ്ടിവരുന്ന ഒരു പ്രദേശം കൂടിയാണിത്.

കാലംതെറ്റിവരുന്ന പെരുമഴയും, കാറ്റും, വരൾച്ചയും വലിയതോതിൽ നഷ്ടമുണ്ടാക്കാറുണ്ട് ആഞ്ഞുവീശുന്ന കാറ്റിന്റെ ശക്തിയിൽ വൻമരങ്ങൾപോലും കടപുഴകി വീഴാറുണ്ട്. കനത്ത കാറ്റിലും മഴയിലും തകർന്നടിയുന്ന കൃഷിയിടങ്ങളും വീടുകളും കെട്ടിടങ്ങളും ഇവിടെ ഇടയ്ക്കിയെ ആവർത്തിച്ചുകൊണ്ടിരിക്കുന്നു. അകാലത്തിൽ ഉണ്ടാകുന്ന കാലാവസ്ഥാ വ്യതിയാനം മൂലം കൃഷിക്കും മറ്റ് വസ്തുവകകൾക്കും ഉണ്ടാകുന്ന നഷ്ടം വളരെ വലുതാണ്.

താരതമ്യേന ഉയർന്ന പ്രദേശമായതിനാൽ പ്രളത്തിൽ നിന്നുള്ള കെടുതികൾ ഇവിടെ കുറവാണ്. എന്നാൽ പഞ്ചായത്തിലെ തോടുകളുടെ ഇരുകരകളിൽ താമസിക്കുന്നവർ മഴക്കാലത്ത് ഏറെ പ്രതിസന്ധിയിൽ അകപ്പെടാറുണ്ട്. വീടിനകത്ത് വെള്ളം കയറി ഗൃഹോപകരണങ്ങൾ അടക്കം നഷ്ടപ്പെടാറുണ്ട്. ഈ സ്ഥിതി തദ്ദേശവാസികളുടെ തന്നെ പാരിസ്ഥിതിക അവബോധമില്ലായ്മയുടെ ഫലമാണ് താനും. തോട് പുറമ്പോക്ക് കൈയേറി തോടിന്റെ വിസ്തൃതികുറച്ചതും, വെള്ളം ഒഴുക്കിന്റെ ദിശമാറ്റം വരുത്തിയതും, ഖര-ദ്രവമാലിന്യങ്ങളാകെ തോട്ടിലേക്ക് ഒഴുക്കി ജലത്തിന്റെ സ്വാഭാവിക ഒഴുക്ക് തടസ്സപ്പെടുത്തിയതും മഴക്കാലത്ത് ദുരന്തത്തിനിടയാക്കിയിട്ടുണ്ട്. “ഇനി ഞാൻ ഒഴുകട്ടെ” എന്ന പേരിലുള്ള പുഴ ശുദ്ധീകരണ പ്രവർത്തനങ്ങൾ നടത്തിയതിന്റെ ഫലമായി ഈ പ്രശ്നത്തിന്റെ രൂക്ഷത കുറയ്ക്കാനായിട്ടുണ്ട്. 2018-ലെ പ്രളയത്തിനുശേഷം ജലത്തിന്റെ സ്വാഭാവിക ഒഴുക്ക് ഉറപ്പാക്കിയ പ്രദേശങ്ങളിലെല്ലാം തോട് കര കവിഞ്ഞ് ഒഴുകുന്നതുമൂലമുണ്ടാകുന്ന മഴക്കെടുതികൾ ഒട്ടൊക്കെ പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

ഉരുൾപൊട്ടലിനും മണ്ണ് ഇടിച്ചിലിനും സാധ്യതയുള്ള പ്രദേശങ്ങൾ ഈ

പഞ്ചായത്തിലുണ്ട്. ഇല്ലിചാരി, പഴയമറ്റം, പൊട്ടൻപ്ലാവ് പ്രദേശം (അമ്പലപ്പടി), മറ്റത്തിപ്പാറ, നെല്ലാപ്പാറ, വെള്ളംനീക്കിപ്പാറ തുടങ്ങിയ സ്ഥലങ്ങളിൽ എല്ലാം ഉരുൾപൊട്ടൽ ഉണ്ടാകാനുള്ള സാദ്ധ്യത അവഗണിക്കാനാവില്ല. 2018 ലും 2019 ലും പെരുമഴക്കാലത്ത് ഇല്ലിചാരി പൊട്ടൻപ്ലാവ് (അമ്പലപ്പടി) ഭാഗത്ത് ഭൂമിക്ക് അടിയിൽ നിന്നും ഭയാനകമായ മുഴക്കം അനുഭവപ്പെട്ടിരുന്നു. ഇവിടെ താമസിച്ചിരുന്ന കുടുംബങ്ങൾ ബന്ധുവീടുകളിലേക്കോ വാടക വീടുകളിലേക്കോ മാറി താമസിക്കേണ്ടതായും വന്നിട്ടുണ്ട്. ഉരുൾപൊട്ടലോ മറ്റ് പ്രകൃതിദുരന്തങ്ങളോ ഉണ്ടായിട്ടില്ലാത്തതിനാൽ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ദുരിതാശ്വാസ ക്യാമ്പ് തുറക്കേണ്ടിവന്നിട്ടില്ല. എങ്കിലും ഇല്ലിചാരി-പൊട്ടൻപ്ലാവ് പ്രദേശമടക്കം പഞ്ചായത്തിലെ ഉയർന്ന മലനിരകളിലെ ഭൂഘടനയെക്കുറിച്ച് തുടർപഠനവും ആഴത്തിലുള്ള അന്വേഷണവും അനിവാര്യമാണ്.

കോവിഡ് മഹാമാരിയെ നേരിടുന്നതിൽ ഗ്രാമപഞ്ചായത്ത് ഉണർന്ന് പ്രവർത്തിച്ചിട്ടുണ്ട്. ഫെസിലിറ്റേഷൻ സെന്റർ തുറന്നു പ്രവർത്തിച്ചും, വീടുകളിൽ കഴിഞ്ഞിരുന്ന രോഗികൾക്ക് ആരോഗ്യവകുപ്പുമായി സഹകരിച്ച് മരുന്നും ഭക്ഷണവും എത്തിച്ചു നൽകിയും, ജനങ്ങളുടെ ഭീതി അകറ്റാൻ പര്യാപ്തമായ ക്യാമ്പയിനുകൾ, സംഘടിപ്പിച്ചും ജാഗ്രതയോടെ പ്രവർത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്തിലെ കോവിഡ് രോഗ വ്യാപനനിരക്ക് കുറയ്ക്കുന്നതിനും ജനങ്ങളുടെ ആശങ്കയും ഭയവും അകറ്റാനും ഈ രംഗത്തെ ഇടപെടലുകൾ സഹായിച്ചു.

തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന് സമഗ്രമായ ഒരു ദുരന്തനിവാരണപദ്ധതി സജ്ജമാക്കേണ്ടതുണ്ട്. രാഷ്ട്രീയ പാർട്ടികൾ, യുവജനസംഘടനകൾ, സന്നദ്ധ സംഘടനകൾ, ക്ലബ്ബുകൾ, ലൈബ്രറികൾ, കുടുംബശ്രീ എന്നിവയെ എല്ലാം കൂട്ടിയോജിപ്പിച്ചുകൊണ്ടുള്ള ഒരു പദ്ധതി ഉണ്ടാകേണ്ടതുണ്ട്. മുൻവർഷങ്ങളിൽ നേരിട്ട ദുരന്തങ്ങളുടെ ചരിത്രം, ആവർത്തനകാലചക്രം, ദുരന്തസാദ്ധ്യത പ്രദേശങ്ങൾ, ദുരന്തഭീഷണി നേരിടുന്ന കെട്ടിടങ്ങൾ എന്നിവയുടെ എല്ലാം വിവരങ്ങൾ സൂക്ഷിക്കേണ്ടതുണ്ട്.

ദുരന്തമുഖത്ത് ഏറ്റവും പ്രധാനപ്പെട്ട ഇടപെടലുകൾ നടത്തേണ്ട ചുമതലയുള്ള ഇ.ആർ.ടി. (എമർജൻസി റസ്പോൺസ് ടീം) രൂപീകരിക്കണം.

## അദ്ധ്യായം 3

# *വികസന നയവും തന്ത്രവും*

ഇടുക്കി ജില്ലയിലെ തൊടുപുഴ താലൂക്കിൽ ഉൾപ്പെട്ടിട്ടുള്ള കരിങ്കുന്നം ഗ്രാമ പഞ്ചായത്തിന്റെ വിസ്തൃതി 22.67 ച.കി. മീറ്ററും 13 വാർഡുകളായി വിഭജിച്ച ഭൂപ്രദേശമാണ്. 2011-ലെ സെൻസസ് പ്രകാരം ജനസംഖ്യ 13645-ഉം പട്ടികജാതി കുടുംബാംഗങ്ങൾ 245-ഉം പട്ടികവർഗ്ഗ കുടുംബാംഗങ്ങൾ 38-ഉം ആണ്. പഞ്ചായത്തിന്റെ പകുതിയിലധികം വാർഡുകളിലും മലയോര പ്രദേശവും പ്രധാന കൃഷി റബ്ബർ, തെങ്ങ്, കമുക്, മരച്ചീനി, ഇഞ്ചി, കുരുമുളക്, നെല്ല് എന്നിവയാണ് പ്രധാന കൃഷി. ജനവിഭാഗങ്ങളിൽ തൊഴിൽരഹിതർ ധാരാളം ഉള്ളതിനാൽ തൊഴിലില്ലായ്മയും അതുമൂലമുള്ള ദാരിദ്ര്യവും നിലനിൽക്കുന്നു.

പതിമൂന്നാം പദ്ധതിയുടെ വാർഷിക പദ്ധതികൾ എല്ലാം പൂർത്തീകരിച്ചു വരികയാണ്. എല്ലാ വർഷത്തിലും ഉല്പാദന മേഖലയ്ക്ക് 30% തുക വകയിരുത്തുകയുണ്ടായി. ഇതുമൂലം കാർഷിക മേഖലയിൽ പഞ്ചായത്തിന് ഇടപെടുവാൻ സാധിച്ചിട്ടുണ്ട്. തെങ്ങ് കൃഷി വികസനം, നെൽകൃഷി വികസനം, കന്നുകുട്ടി പരിപാലനം, മുട്ടക്കോഴി വിതരണം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നതിന് കഴിഞ്ഞു. പഞ്ചായത്തിലെ സമ്പൂർണ്ണ നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള പദ്ധതി ആസൂത്രണ ഘട്ടത്തിലാണ്. ഇത് പൂർത്തിയാകുന്നതോടുകൂടി കാർഷിക മേഖലയിൽ മുഴുവൻ ഇടപെടലുകൾ നടത്തുന്നതിന് പഞ്ചായത്തിന് കഴിയുന്നതാണ്.

മുൻകാലങ്ങളിൽ സേവന മേഖലയിൽ ഉൾപ്പെടുത്തി നിരവധി ഇടപെടലുകൾ നടത്തുന്നതിന് പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. കക്കൂസ് നിർമ്മാണം, വികലാംഗരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ, ഭവന നിർമ്മാണം, വീട് മെയിന്റനൻസ്, ആശുപത്രികൾക്ക് മരുന്ന് വാങ്ങൽ, ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമാക്കൽ, പൗരാവകാശ രേഖ പ്രസിദ്ധീകരിക്കൽ, അംഗൻവാടികൾക്ക് ഫർണീച്ചറും ഉപകരണങ്ങളും നൽകൽ, ആശുപത്രികൾക്കും സ്കൂളിനും ഫർണിച്ചർ ലഭ്യമാക്കൽ എന്നിവ നടപ്പിലാക്കിയതുമൂലം പൊതുജനങ്ങൾക്ക് പദ്ധതി പ്രയോജനപ്പെടുത്തുവാൻ കഴിഞ്ഞു.

പശ്ചാത്തല മേഖലയിൽ ഏറ്റെടുക്കുന്ന പദ്ധതികൾ അത്യാവശ്യ റോഡ് നിർമ്മാണവും മെയിന്റനൻസും നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. പട്ടികജാതി വികസനത്തിനും പട്ടികവർഗ്ഗ വികസനത്തിനും ലഭ്യമായ തുക വിനിയോഗിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

വനിതാ - ശിശു - വൃദ്ധർ - വികലാംഗർ എന്നിവരുടെ ക്ഷേമത്തിനായുള്ള പദ്ധതികളും നിശ്ചിത ശതമാനം തുകകൾ മാറ്റിവച്ചും പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കിയിട്ടുണ്ട്. പന്ത്രണ്ടാം പദ്ധതിയുടെ അവസാന വാർഷിക പദ്ധതിയിൽ അവശേഷിക്കുന്ന വികസന ആവശ്യങ്ങൾ ഏറ്റെടുത്ത് മുൻഗണനാക്രമത്തിൽ പൂർത്തിയാക്കാൻ ശ്രമിക്കുന്നുണ്ട്.

ഇടുക്കി പാർലമെന്റ് നിയോജകമണ്ഡലത്തിലെ തൊടുപുഴ അസംബ്ലി നയോജകമണ്ഡലത്തിൽപ്പെടുന്ന ഈ പഞ്ചായത്തിൽ ഒരു വില്ലേജും 3 ബ്ലോക്ക് പഞ്ചായത്ത് ഡിവിഷനുകളും ഉൾപ്പെടുന്നു.

105 കുടുംബശ്രീ യൂണിറ്റുകളിലായി നിരവധി വനിതാ ശാക്തീകരണ പ്രവർത്തനങ്ങൾ നടക്കുന്നു. 1250 ഓളം വനിതകൾ കുടുംബശ്രീ അംഗങ്ങളായിട്ടുണ്ട്. ഒട്ടനവധി സ്വയംസഹായ സംഘങ്ങൾ ഇവരുടെ പ്രവർത്തനങ്ങളെ ഏകോകിപ്പിക്കുന്നുണ്ട്. 15 ജെ.എൽ.ജി. ഗ്രൂപ്പുകൾ പ്രവർത്തിക്കുന്നുണ്ട്.

പൊതുജനാരോഗ്യരംഗത്ത് അലോപ്പതി, ആയുർവ്വേദ, ഹോമിയോ സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നു. കരിങ്കുന്നം പി.എച്ച്.സി., ഇല്ലിചാരി സബ്സെന്റർ, കരിങ്കുന്നത്ത് പ്രവർത്തിക്കുന്ന ആയുർവ്വേദ ഡിസ്പൻസറി, നെല്ലാപ്പാറ - പൊന്നന്താനം ഹോമിയോ ഡിസ്പെൻസറികൾ ഇവയെല്ലാം നല്ല രീതിയിൽ പ്രവർത്തിച്ച് പൊതുജരോഗ്യം നിലനിർത്തന്നു. വനിതാ ശിശവികസനവുമായി ബന്ധപ്പെട്ട് നല്ല രീതിയിൽ 17 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്.

പഞ്ചായത്തിലെ പ്രധാന മതസമൂഹങ്ങൾക്ക് അവരവരുടേതായ വിശ്വാസപരമായി പ്രാധാന്യവും പുണ്യപ്പെട്ടതുമായ ഒട്ടനവധി പ്രാർത്ഥനാകേന്ദ്രങ്ങളുണ്ട്. കരിങ്കുന്നം, നെടിയകാട്, വടക്കുംമുറി, മ്രാല, പൊന്നന്താനം, ഒറ്റല്ലൂർ എന്നിവ പ്രമുഖ ക്രിസ്തീയ പ്രാർത്ഥനാകേന്ദ്രങ്ങളാണ്. ശാസ്താംപാറ ക്ഷേത്രം, കരിമ്പനക്കാവ് ദേവീക്ഷേത്രം, ചക്കിയള്ള്മല ദേവീക്ഷേത്രം മുതലായ പ്രമുഖ ഹൈന്ദവക്ഷേത്രങ്ങൾ പരസ്പരം സമഭാവനയിൽ നാടിന്റെ യശസ്സുയർത്തി നിൽക്കുന്നു.

മതസൗഹാർദ്ദത്തിനും സാംസ്കാരിക കൂട്ടായ്മയ്ക്കും കീർത്തികേട്ട ഈ പഞ്ചായത്തിൽ ജനങ്ങൾ അവരവരുടെ ജീവിതാഭിലാഷങ്ങൾക്കൊപ്പിച്ചുള്ള ജീവിതയാനത്തിൽ സമാധാനത്തിന്റെയും സൗഹാർദ്ദത്തിന്റെയും ഊഷ്മള രഥ്യകളെ പിന്തുടരുന്നവരും വിശാലവീക്ഷണമുള്ളവരുമാണ്.

# ഭൂപ്രകൃതിയും പാരിസ്ഥിതിക സവിശേഷതകളും

കാർഷികവൃത്തിക്ക് പേരുകേട്ട നാടായിരുന്നു ഒരു കാലത്ത് കരിങ്കുന്നവും പ്രദേശങ്ങളും. നോക്കെത്താത്ത ദൂരത്തോളം പരന്നുകിടക്കുന്ന പാടശേഖരങ്ങളിൽ കൊയ്ത്തുപാട്ടിന്റെയും തേക്കുപാട്ടിന്റെയും ഈണങ്ങളിൽ സ്വയംമറന്ന് പകലന്തിയോളം പണിയെടുത്ത് പാടങ്ങളിൽ സ്വർണ്ണം വിളയിച്ചിരുന്ന ഒരു കാലവും ഇവിടെയുണ്ടായിരുന്നു. വിശാലമായ പാടശേഖരങ്ങളിൽ സ്വർണ്ണനിറം പൂകി കൊയ്ത്തുപാകമെത്തിയ നെൽവയലുകളിൽ നൂറുമേനി കൊയ്തെടുത്ത കർഷകരും കർഷകത്തൊഴിലാളികളും ഈ നാടിന്റെ ചരിത്രം തിരുത്തിക്കുറിച്ച മഹാത്മാക്കളായിരുന്നു. കാർഷികവൃത്തിയിൽ നിന്നുള്ള ജനങ്ങളുടെ പിന്മാറ്റം ലാഭഹേതുക്കളായ മറ്റു നാണ്യവിളകൾ തേടിയുള്ള യാത്രയിൽ പല പല പരീക്ഷണങ്ങൾക്കും ജയപരാജയങ്ങൾക്കും ശേഷം അവസാനം റബ്ബർകൃഷിയിലും പൈനാപ്പിൾ കൃഷിയിലും എത്തി നിൽക്കുന്നു. ഉയർന്ന ലാഭം നേടിത്തരുന്ന വിള എന്ന നിലയിൽ റബ്ബറും പൈനാപ്പിളും പ്രോത്സാഹിപ്പിക്കപ്പെട്ട കൃഷിയാണ്. റബ്ബറും പൈനാപ്പിളും പ്രതിദിനം ലിറ്ററുകണക്കിനു ജലം ഭൂമിയിൽ നിന്നും വലിച്ചെടുക്കുന്നു എന്ന് പഠനങ്ങൾ തെളിയിക്കുമ്പോൾ പാരിസ്ഥിതികമായി റബ്ബർകൃഷിയും പൈനാപ്പിൾ കൃഷിയും ഉണ്ടാക്കുന്ന വെല്ലുവിളി പക്ഷേ എങ്ങും ചർച്ചയ്ക്ക് വരുന്നില്ല.

മലകളും കുന്നുകളും കൈത്തോടുകളും വിരുന്നൊരുക്കി പ്രകൃതി കനിഞ്ഞൊരുക്കി അനുഗ്രഹീതമാക്കിത്തന്ന കരിങ്കുന്നത്തിന്റെ ഭൂമിയിലേക്ക് ദുരിതങ്ങളുടെയും ദൗർഭാഗ്യങ്ങളുടെയും വിരുന്നുകാരനായി പാടശേഖരങ്ങൾ മണ്ണിട്ട് നികത്തിയും ജലാശയങ്ങൾ നശിപ്പിച്ചും പാരിസ്ഥിതിക പ്രശ്നങ്ങളും ഗുരുതരമായ ജലജന്യരോഗങ്ങൾ ഉളവാക്കുന്ന ആരോഗ്യപ്രശ്നങ്ങളും നാടിന്റെ ഭീതിദമായ സാമൂഹിക പ്രശ്നങ്ങളായി വളർന്നിരിക്കുകയാണ്.

മാലിന്യനിർമ്മാർജ്ജനം ഏറെ വെല്ലുവിളികളെ നേരിടുന്ന ഒരു വിഷയമാണ്. വ്യക്തിശുചിത്വത്തിന്റെ കാര്യത്തിൽ പണ്ടെങ്ങുമില്ലാത്തത്ര അവബോധവും ജാഗ്രതയും കാണിക്കുന്ന മലയാളി സമൂഹം പക്ഷേ, പരിസര ശുചിത്വത്തിന്റെ രംഗത്ത് സ്വീകരിക്കുന്ന കുറ്റകരമായ നിസ്സംഗത കേരളത്തിന്റെ പൊതുജനാരോഗ്യരംഗത്ത് ഗുരുതരമായ ഭവിഷ്യത്തുകൾ ഉണ്ടാക്കുന്ന അവസ്ഥയിലാണ്. അറവു മാലിന്യങ്ങളും ഗാർഹിക വ്യവസായിക വേയ്സ്റ്റുകളും പൊതുനിരത്തുകളിലേക്ക് വലിച്ചെറിയുന്ന രോഗാതുരമായ പ്രവണത പകർച്ചവ്യാധികളും മറ്റു സാംക്രമികരോഗങ്ങളും പടർന്നുപിടിക്കുന്നതിനുള്ള എല്ലാ വാതിലുകളും തുറന്നിട്ടിരിക്കുകയാണ്. ഏതൊരുവിധ തത്വദീക്ഷയുമില്ലാതെ അനുദിനമെന്നോണം പെരുകിവരുന്ന അറവുശാലകൾ പൊതുനിരത്തുകളോടു ചേർന്ന് പ്രദർശിപ്പിച്ച് വരുന്നത് ഭീകരമായ കാഴ്ചയാണ്. ഹോട്ടലുകളിലെ പഴകിയ ഭക്ഷണവും അശുദ്ധജലവും പലപ്പോഴും പകർച്ചവ്യാധികൾക്ക് കാരണമായിട്ടുണ്ട്. മലയാളി പൊതു അവബോധത്തോടുള്ള ഈ കടുത്ത വെല്ലുവിളി നേരിടുന്നതിന് അടിയന്തിര ഇടപെടലുകൾ ആവശ്യമാണ്.

## അദ്ധ്യായം 4

# വിഭവസമാഹരണം

വികസനത്തെ കുറിച്ച് ചിന്തിക്കുമ്പോൾ ആദ്യം പരിഗണനാ വിഷയമാകുന്നത് ലഭ്യമാകുന്ന ഫണ്ട് എത്ര എന്നതാണ്. 13-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് താഴെപ്പറയുന്ന രീതിയിലുള്ള ഫണ്ട് ലഭ്യമായി. ഈ ഫണ്ട് ഉപയോഗിച്ച് നടപ്പാക്കിയ പദ്ധതികളിലൂടെ ലഭ്യമായ മാറ്റങ്ങൾ വിലയിരുത്തുകയും പോരായ്മകൾ കൃത്യമാക്കി വരുംവർഷ പദ്ധതികളെ സമീപിക്കുകയും വേണം.

| ഫണ്ടിന്റെ ഇനം | ലഭ്യമായ വർഷം | | | | |
|---|---|---|---|---|---|
| | 2017 - 18 | 2018 - 19 | 2019 - 20 | 2020 - 21 | 2021 - 22 |
| പ്ലാൻ ഫണ്ട് ജനറൽ | 8980320 | 9610000 | 7886000 | 7744000 | 7975000 |
| പ്ലാൻ ഫണ്ട് SCP | 2404012 | 2458000 | 2494000 | 2329000 | 2450000 |
| പ്ലാൻ ഫണ്ട് ST | 401040 | 231000 | 244000 | 232000 | 160000 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 3723027 | 2780000 | 3251000 | 3492000 | 4853319 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 10640767 | 8780000 | 10259000 | 11017000 | 10425000 |
| തനതു ഫണ്ട് | 386098 | 972371 | 116128 | 1245591 | 2591761 |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ | 3197973 | 2325666 | 620373 | 566597 | 350166 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 6873003 | 4460000 | 678000 | 6780000 | 4455600 |
| ലോകബാങ്ക് ധനസഹായം | 2270003 | | 0 | 0 | 0 |
| ഗുണഭോക്തൃ വിഹിതം | 1203250 | 4433205 | 2190417 | 683940 | 977568 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 0 | 765677 | 5306150 | 4761967 | 333528 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 0 | 544387 | 1072650 | 281085 | 193755 |

കഴിഞ്ഞ പഞ്ചവത്സര പദ്ധതിക്കാലത്ത് ലഭ്യമായ ഫണ്ടുകൾകൊണ്ട്, ഗ്രാമസഭകൾ നിർദ്ദേശിച്ച പ്രോജക്ടുകൾ മുഴുവൻ ഏറ്റെടുക്കാൻ കഴിയാതെ വന്നിട്ടുണ്ട് എന്ന യാഥാർത്ഥ്യം മനസിലാക്കിക്കൊണ്ടു വേണം 14-ാം പദ്ധതി ആവശ്യങ്ങളെ സമീപിക്കാൻ. നമ്മൾ മുന്നോട്ടുവയ്ക്കുന്ന ആവശ്യങ്ങൾ പൂർണ്ണമായും നടപ്പാക്കാൻ പര്യാപ്തമായ സാധ്യതകളെക്കുറിച്ച് വളരെ ഗൗരവമായി നമുക്ക് ചിന്തിക്കേണ്ടിയിരിക്കുന്നു.

| പഞ്ചായത്തിന് ലഭ്യമാകാവുന്ന ഫണ്ട് സാധ്യതകൾ |
|---|
| 1. പ്ലാൻ ഫണ്ട് |
| 2. അവാർഡുകൾ |
| 3. CSR ഫണ്ടുകൾ |
| 4. കേന്ദ്രാവിഷ്കൃത ഫണ്ടുകൾ |
| 5. സംസ്ഥാന ഡിപ്പാർട്ട്മെന്റ് ഫണ്ടുകൾ |
| 6. DPR അധിഷ്ടിതം |
| 7. MGNRREGS |
| 8. ഗുണഭോക്തൃ വിഹിതം |
| 9. സ്പോൺസറിംഗ് |
| 10. സംഭാവനകൾ |
| 11. MP ഫണ്ടുകൾ |
| 12. MLA ഫണ്ടുകൾ |
| 13. എമർജെൻസി ഫണ്ടുകൾ |
| 14. ഫണ്ട് ഗവേഷണ സബ്കമ്മിറ്റി |
| 15. കൃത്യമായ മോനിട്ടറിംഗ് സംവിധാനങ്ങൾ |
| 16. ചിലവഴിക്കലിന്റെ മാനദണ്ഡം മുൻകൂട്ടി തീരുമാനിക്കൽ |
| 17. കൃത്യമായ ഓഡിറ്റിംഗ് |

| വിഭവ വിനിയോഗത്തിൽ ശ്രദ്ധിക്കേണ്ട സംഗതികൾ |
|---|
| * ഓരോ രുപയുടെയും പരമാവധി ഉപയുക്തത |
| * തുക പാഴാകുന്നില്ല എന്ന ഉറപ്പ് |
| * വരുമാനദായകമാകുന്ന ചെലവഴിക്കൽ |
| * ജനങ്ങളുടെ ആവശ്യങ്ങൾ സഫലീകരിക്കുന്നത് |
| * ലക്ഷ്യങ്ങൾ നേടുന്നു എന്ന് ഉറപ്പു വരുത്തുന്ന ചിലവഴിക്കൽ |
| * സുതാര്യമായ വിനിമയ രീതി |
| * സോഷ്യൽ മോനിട്ടറിങ്ങിൽ അധിഷ്ഠിതമായതും, ഗുണമേന്മയുള്ളതും, അഴിമതി രഹിതവും |
| * സമയ ബന്ധിതമായ പൂർത്തീകരണം |
| * പ്രോജക്ട് അംഗീകരിക്കുമ്പോൾ തന്നെ ഇപ്ലിമെന്റിംഗ് ഓഫീസറെയും അന്തിമം ആക്കുന്ന ശൈലി |

നമ്മുടെ നാട്ടിലെ വിഭവങ്ങൾ എങ്ങനെ പരമാവധി ഉപയോഗപ്പെടുത്താം എന്ന ഗവേഷണത്തിൽ നമ്മൾ ഏർപ്പെടേണ്ടത് ഉണ്ട്. വിഭവം എന്ന് പറയുമ്പോൾ എന്തെല്ലാം ഉൾപ്പെടും എന്ന് നമുക്ക് കൃത്യമായ വിവരം ഉണ്ടാകണം. ഉണങ്ങി പൊടിയുന്ന കരിയിലയും വലിച്ചെറിയപ്പെടുന്ന മാലിന്യവും അമൂല്യ വിഭവങ്ങൾ ആക്കി മാറ്റുന്ന വികസനപാതയാണ് നാം പിന്തുടരേണ്ടത്. വിഭവങ്ങൾ മൂല്യവർധിത ഉൽപ്പന്നങ്ങൾ ആക്കി പുറത്തേക്ക് നൽകുമ്പോൾ നമ്മുടെ പ്രതിശീർഷ വരുമാനത്തിൽ ഇന്നത്തേതിനേക്കാൾ വർദ്ധനയുണ്ടാകും. വികസനകാര്യത്തിൽ ഏറ്റവും പ്രാധാന്യം കൊടുക്കേണ്ട ഒന്നാണ് മനുഷ്യവിഭവം. മനുഷ്യ വിഭവത്തെ കൃത്യമായി തിരിച്ചറിഞ്ഞു പട്ടികപ്പെടുത്തുകയം ഫലപ്രദമായി ഉപയോഗിക്കുകയും ചെയ്യാൻ കഴിഞ്ഞാൽ നാം വികസനത്തിന്റെ 'ഗതിവേഗവീഥിയിൽ' എത്തിക്കഴിഞ്ഞു എന്ന് അനുമാനിക്കാം. ഈ വിഭവത്തിൽ അല്പം പോലും ചോർന്നുപോകാതെ ഉപയോഗപ്പെടുത്തുക എന്നതാണ് ഏറ്റവും അഭികാമ്യം. നിലവിലെ വിഭവങ്ങളെ കണ്ടെത്തുന്നതിന് ഒപ്പം അവയെ പരമാവധി വർദ്ധിപ്പിച്ചു ഉപയോഗപ്പെടുത്താനും നമുക്കാകണം. അടുത്ത അഞ്ചു വർഷത്തെ ടാർജെറ്റും 2030 വരെയുള്ള ടാർജെറ്റും കൃത്യമായി ചിട്ടപ്പെടുത്തി നിശ്ചയിക്കപ്പെടണം. നമ്മൾ ഏറ്റെടുക്കുന്ന ഓരോ പ്രോജക്ടും ഇതിലെക്കെത്തുന്ന കൈവഴികളാക്കി മാറ്റുന്നതിനുള്ള വികസന മികവു നാം ആർജ്ജിക്കണം.

## അദ്ധ്യായം 4.1

# സാമൂഹിക-സാംസ്ക്കാരിക-സാമ്പത്തിക സ്ഥിതി

ഭാരതീയ പാരമ്പര്യത്തിന്റെയും സാംസ്ക്കാരിക സമ്പന്നതയെ സമസ്ത തലത്തിലും ഉൾക്കൊണ്ടുകൊണ്ട് ശക്തമായ കുടുംബശ്രേണീ സാമൂഹിക വ്യവസ്ഥയെ പിൻപറ്റി കൊണ്ടു തന്നെ സജീവമായ സാമൂഹിക ബന്ധങ്ങളെ സ്വാംശീകരിക്കുകയും, സക്രിയമായ തോതിൽ സാമൂഹിക ഇടപെടൽ നടത്തുന്നതിലും കരിങ്കുന്നം മുൻപന്തിയിലാണ്. സിവിൽ കോടതികളും ആധുനിക നിയമവ്യവസ്ഥകളും നിലവിൽ വരുന്നതിനു മുമ്പ് പ്രാദേശികമായ എത്ര സങ്കീർണ്ണ പ്രശ്നങ്ങളാലും നീതിന്യായ തീർപ്പുകൾക്ക് കനപ്പെട്ട സംഭാവനകൾ നൽകിയ നാട്ടുമദ്ധ്യസ്ഥതകൾക്ക് കരിങ്കുന്നം വളരെ പ്രശസ്തമാണ്. അതിനാൽ തന്നെ നീതിന്യായ വ്യവസ്ഥകളോട് അങ്ങേയറ്റം ബഹുമാനമുള്ള ഒരു ജനസമൂഹമായി രൂപപ്പെടുന്നതിൽ ഇതത്രയും വലിയ തോതിൽ പങ്കുവഹിച്ചിട്ടുണ്ട്.

ആഗോളവൽക്കരണ കാലത്തിന്റെ സദ്ഫലങ്ങൾക്കൊപ്പം സൂക്ഷ്മ വിനിയോഗത്തിന്റെ അഭാവം സൃഷ്ടിച്ച ദൂഷ്യവശങ്ങൾ സാംസ്ക്കാരിര രംഗത്തും സ്വകാര്യ ജീവിതത്തിലും സൃഷ്ടിച്ച പുഴുക്കുത്തുകൾ അവഗണിക്കാവുന്നവയല്ല, കൂട്ടുകുടുംബ വ്യവസ്ഥയുടെ തലത്തിൽ നിന്നും അണുകുടുംബത്തിലേക്കുള്ള വ്യതിയാനം സാമൂഹിക പരിഷ്കാരത്തിന്റെയും  സാംസ്ക്കാരിക മുന്നേറ്റത്തിന്റെയും പ്രതിഫലനമായി വ്യാഖ്യാനിക്കാമെങ്കിലും യഥാർത്ഥത്തിൽ സ്വാർത്ഥബോധവും അരക്ഷിതാവസ്ഥയുമാണ് പൊതുസമൂഹത്തിന് ഇത് സമ്മാനിച്ചത്. ആരാലും ഉപേക്ഷിക്കപ്പെട്ട് അനാഥരും പേറിയ വൃദ്ധമാതാപിതാക്കൾ പൊതുസമൂഹത്തിന്റെ മനസ്സാക്ഷിക്കു മുന്നിൽ ഇന്നിന്റെ ഏറ്റവും വലിയ വെല്ലുവിളിയാണ്. നമ്മൾ നേടി എന്ന് അഭിമാനിക്കുന്ന എല്ലാ നേട്ടങ്ങളെയും പരിഹസിച്ച് വികൃതമായി പല്ലിളിച്ചു കാണിക്കുന്ന ഒരു യാഥാർത്ഥ്യമായി നമ്മുടെ വൃദ്ധ മാതാപിതാക്കളുടെ നീണ്ടനിര അനാഥഘോഷയാത്ര പോലെ നീളുകയാണ്.

സ്ത്രീപീഢനവും, ബാല്യ, കൗമാര പീഢനങ്ങളുടെയും നിലക്കാത്ത വാർത്താ പ്രവാഹങ്ങൾക്കു മുന്നിൽ പരിഷ്കൃത മലയാളി ബോധങ്ങൾക്ക് തല കുനിക്കേണ്ടി വരുന്നു എന്നുള്ളത് നഗ്നമായ യാഥാർത്ഥ്യമായിരിക്കുന്നു. ആധുനികസാങ്കേതികവിദ്യകളുടെയും സാമ്പത്തിക സൗകര്യങ്ങളുടെയും പിൻബലത്തിൽ സ്കൂൾതലം മുതൽ കൗമാര - യൗവ്വനങ്ങൾ പോലും ആർഭാടജീവിതത്തിന്റെ ഉന്മാദത്തിൽ കുടുംബത്തിനും പൊതുസമൂഹത്തിനും ഉപകരിക്കപ്പെടാതെ പോകുന്നു എന്ന് മാത്രമല്ല, സമൂഹത്തിന് പ്രയോജനം ഇല്ലാത്തവർ കൂടിയായിത്തീരുന്നു എന്നുള്ള ഭീതിതമായ അവസ്ഥ നേട്ടങ്ങളത്രെയും വിഷാദഫലിതം പോലെ നൊമ്പരപ്പെടുത്തുന്നു. ആധുനികവത്ക്കരണകാലത്തെ ക്ഷണം പോലും ഉപരിപ്ലവപരവും അങ്ങേയറ്റം പ്രതിലോപപരവുമാണ്. ഗാർഹിക നിർമ്മിതിയുടെ സ്പർശമുള്ളതും, മാതൃത്വത്തിന്റെ വിയർപ്പുള്ള സ്നേഹവും മണക്കുന്നതുമായ ഹോംലി ഫുഡ്ഡിനോട് മലയാളി എന്നേ വിട പറഞ്ഞിരിക്കുന്നു. റസ്റ്റോറന്റുകളിലെ അജിനോമോട്ടോ ഭക്ഷണം തൊടുപുഴയുടെ ചൂടുപറ്റി കരിങ്കുന്നം നെഞ്ചിലേറ്റിത്തുടങ്ങിയിരിക്കുന്നു. വ്യക്തിജീവിതത്തിലും ആരോഗ്യരംഗത്തും എണ്ണമറ്റ ദോഷങ്ങളെയാണ് ഈ സംസ്ക്കാരം സംഭാവന ചെയ്തിരിക്കുന്നത്.

അദ്ധ്യായം 5

# വികസന മേഖലകൾ

1. പൊതുഭരണവും ധനകാര്യവും – ഭരണം മെച്ചപ്പെടുത്തൽ ഉൾപ്പെടെ
2. കൃഷി (ഉൽപ്പന്നസംഭരണവും, സംസ്കരണവും വിപണവും ഉൾപ്പെടെ), തൊഴിലുറപ്പ് പദ്ധതി, മണ്ണ് ജല സംരക്ഷണം
3. മൃഗസംരക്ഷണം, ക്ഷീര വികസനം
4. പ്രാദേശിക സാമ്പത്തിക വികസനം
5. പൊതുമരാമത്ത് (വൈദ്യുതിയും ഊർജ്ജവും ഉൾപ്പെടെ)
6. ദാരിദ്ര്യ ലഘൂകരണം (പാർപ്പിടം ഉൾപ്പെടെ)
7. സാമൂഹ്യ നീതി (ഭിന്നശേഷിയുള്ളവർ, വൃദ്ധർ, കുട്ടികൾ ഉൾപ്പെടെ)
8. വനിതാ വിഭാഗം
9. ആരോഗ്യം
10. വിദ്യാഭ്യാസം, കലയും സംസ്കാരവും,യുവജന ക്ഷേമവും
11. കുടിവെള്ളം ശുചിത്വം മുതലായവ
12. പട്ടികജാതി വികസനം
13. പട്ടിക വർഗ്ഗ വികസനം
14. കാലാവസ്ഥാ വ്യതിയാനം, ജൈവ വൈവിധ്യം, ദുരന്ത നിവാരണം

## അദ്ധ്യായം 5.1

# പൊതുഭരണവും ധനകാര്യവും

കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മുഖച്ഛായ മാറിയ ഈ സാഹചര്യത്തിൽ പതിനാലാം പഞ്ചവത്സര പദ്ധതിയ്ക്ക് (2022-2027) തുടക്കം കുറിച്ചിട്ടുള്ളത് ഏറെ അഭിമാനകരമാണ്. മറ്റ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കൊപ്പം കരിങ്കുന്നം ഗ്രാമപഞ്ചായത്തും ലഭ്യമായ സാങ്കേതിക വിദ്യയും അനുഭവസമ്പത്തും ഉപയോഗിച്ച് പുത്തൻ ആശയങ്ങൾ കൈക്കൊണ്ട് വികസനക്കുതിപ്പിന്റെ ഭാഗമായി മാറുവാൻ ശ്രമിക്കുകയാണ്. പുതിയ സാങ്കേതിക വിദ്യയും മാനവശേഷിയും പരമാവധി പ്രയോജനപ്പെടുത്തി നമ്മൾ പുതിയ വികസനതന്ത്രവും പരിപ്രേക്ഷ്യയും ഉൾക്കൊണ്ടുകൊണ്ട് വികസന രേഖയുടെ പരിഷ്കരണം സാധ്യമാക്കുവാൻ ശ്രമിക്കുകയാണ്. പൊതു ജനങ്ങൾക്ക് വേഗത്തിൽ സേവനങ്ങൾ നൽകുന്നതിന് പുത്തൻ സാങ്കേതിക വിദ്യ പൂർണ്ണമായും പ്രയോജനപ്പെടുത്തുവാനുള്ള ശ്രമങ്ങൾ നടന്നു വരുന്നു. ഫ്രണ്ട് ഓഫീസിന്റെ പ്രവർത്തനം കാര്യക്ഷമമായതോടുകൂടി ജനങ്ങൾക്ക് ഫ്രണ്ട് ഓഫീസിൽ എത്തിയാൽ മാത്രം സേവനം ലഭ്യമാകും എന്ന ഒരു പ്രതീതി ജനിച്ചിട്ടുണ്ട്. വരുംകാലങ്ങളിൽ ഈ സേവനങ്ങൾ ഓൺ ലൈനായി ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

ഫ്രണ്ടോഫീസിൽ വിവിധ ആവശ്യങ്ങൾക്ക് വരുന്ന പൊതുജനങ്ങൾക്ക് ഇരിക്കുവാനുള്ള സംവിധാനം കുടിവെള്ളം, ശുചിമുറികൾ, അമ്മമാർക്ക് മുലയൂട്ടൽ കേന്ദ്രം, പത്രപാരായണ സൗകര്യങ്ങൾ, ടെലിവിഷൻ, പരമാവധി പരിഹാര സംവിധാനം, പഞ്ചായത്താഫീസിൽ നിന്നും ലഭിക്കുന്ന സേവനങ്ങളും അവയുടെ ദൈർഘ്യവും കാണിക്കുന്ന വിവിധ ബോർഡുകൾ, പരാതികൾ സമർപ്പിക്കുന്നതിനുള്ള വിവിധ ഓഫീസ് അധികാരികളുടെ ഔദ്യോഗികപേരും വിലാസവും ഫോൺ നമ്പരും ഫ്രണ്ട് ആഫീസിൽ രേഖപ്പെടുത്തി സേവനങ്ങൾ കുറ്റമറ്റതാക്കുവാൻ പരമാവധി ശ്രമിച്ചിട്ടുണ്ട്. കൂടാതെ പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന സേവനങ്ങളെ സംബന്ധിച്ച് പൗരാവകാശ രേഖ വർഷം തോറും പുതുക്കി പ്രസദ്ധീകരിക്കുന്നുണ്ട്. മുൻകാല റിക്കോർഡുകൾ ക്രമപ്രകാരം ചിട്ടപ്പെടുത്തി സജ്ജീകരിച്ച് ഐ.എസ്.ഒ. അംഗീകാരം ലഭിക്കുന്നതിന് കരിങ്കുന്നം ഗ്രാമപഞ്ചായത്തിന് സാധ്യമായിട്ടുണ്ട്. 1970 മുതലുള്ള ജനന മരണ വിവാഹ രജിസ്റ്ററുകൾ ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിച്ചുട്ടുള്ളതിനാൽ ഈ കാലയളവിലെ സർട്ടിഫിക്കറ്റുകൾ ഓൺലൈനിലൂടെ ജനങ്ങൾക്ക് ലഭിക്കുവാനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ഇൻഫർമേഷൻ കേരള മിഷന്റെ (IKM) സഹായത്തോട് കൂടി ഗ്രാമപഞ്ചായത്തിൽ നടത്തുന്ന നൂതന സാങ്കേതിക സോഫ്റ്റ് വെയറുകൾ ജനത്തിന് ഏറെ ആശാവഹമാണ്.

2000 ലെ Information Technology Act ലൂടെ നിയമപരിരക്ഷ ഉറപ്പാക്കിയ e-Governce പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. ജനന മരണ വിവാഹ രജിസ്ട്രേഷനുകൾ പൂർണ്ണമായും ഇ-ഗവേൺസ് സംവിധാനത്തിലൂടെ നിർവ്വഹിക്കപ്പെട്ടു വരുന്നു. ഐ.കെ.എം. പഞ്ചായത്തുകളിൽ വിന്യസിച്ചിട്ടുള്ള ചില സോഫ്റ്റ് വെയറുകൾ പരിചയപ്പെടാം.

* സുലേഖ - പദ്ധതി രൂപീകരണം- അംഗീകാരം-നിർവ്വഹണം-പദ്ധതിപുരോഗതി വിലയിരുത്തൽ, പദ്ധതി ചെലവ്.
* സേവന - ജനന മരണ വിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകളുടെ വിതരണം.
* സേവന - സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അപേക്ഷകൾ അംഗീകരിക്കൽ, പെൻഷൻ അനുവദിക്കൽ, വിതരണം.
* സഞ്ചിത - പഞ്ചായത്ത് രാജ് ആക്ട് ചട്ടങ്ങൾ സർക്കാർ ഉത്തരവുകൾ എന്നിവ അടങ്ങുന്ന ഇലക്ട്രോണിക് വിജ്ഞാനകോശം
* സഞ്ചയ - റവന്യൂ കൈകാര്യം ചെയ്യുന്ന ആപ്ലിക്കേഷൻ- കെട്ടിട നികുതി നിർണ്ണയം, നികുതി അടയ്ക്കൽ
* സാംഖ്യ - പഞ്ചായത്തിലെ വിവിധ അക്കൗണ്ടിംഗ് സിസ്റ്റം
* സങ്കേതം - കെട്ടിട നിർമ്മണ പെർമിറ്റ്
* സകർമ്മ - പഞ്ചായത്ത് കമ്മിറ്റി മിനിട്ട്സ് രേഖപ്പെടുത്തൽ
* സചിത്ര - പഞ്ചായത്തിന്റെ ആസ്തി സംബന്ധിച്ച രേഖപ്പെടുത്തൽ

* സ്ഥാപന - ജീവനക്കാരുടെ എസ്റ്റാബ്ലിഷ്മെന്റ് വിവരങ്ങൾ
* സൂചിക - ഫ്രണ്ട് ഓഫീസ് സംവിധാനം
* സുഗമ - റോഡ് കട്ടിംഗ് സംബന്ധിച്ച വിവരങ്ങൾ

ഫ്രണ്ട് ഓഫീസിന്റെ സൂചികയ്ക്ക് പകരം 2022 ഏപ്രിൽ ഒന്ന് മുതൽ നടപ്പിലാക്കിയ ILGMS സോഫ്റ്റ് വെയർ സേവനങ്ങൾ ലഭ്യമാകുന്നതിന് സുതാര്യവും വിശ്വാസ്യതയും വേഗതയും കൈവരിച്ചിട്ടുണ്ട്.

1997-2002 ലെ ഒൻപതാം പഞ്ചവത്സര പദ്ധതി ജനകീയാസൂത്രണ പദ്ധതിയായി ഏറ്റെടുത്ത കാലഘട്ടത്തിലാണ് പഞ്ചായത്തുകളുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെട്ടത്. 1994 ൽ കേരള പഞ്ചായത്ത് രാജ് ആക്ട് നിലവിൽ വരികയും 1995 ൽ ത്രിതല പഞ്ചായത്തുകളുടെ രൂപീകരണം കേരളത്തിൽ യാഥാർത്ഥ്യമാക്കുകയും ചെയ്തു. 1997 മാർച്ച് വരെ പഞ്ചായത്തുകളുടെ ധനസ്ഥിതി വളരെ പരിതാപകരമായിരുന്നു. വർഷത്തിൽ 10,000/- രൂപയിലൊതുങ്ങുന്ന ഓരോ വാർഡിന്റേയും വികസനം മാത്രമാണുണ്ടായിരുന്നത്. എന്നാൽ ജനകീയാസൂത്രണ പദ്ധതി നിലവിൽ വന്നതോടുകൂടി സംസ്ഥാന സർക്കാരിന്റെ ബജറ്റ് വിഹിതത്തിന്റെ 40% തുക ത്രിതല പഞ്ചായത്തുകളുടെ വികസനത്തിനായി സർക്കാർ നീക്കിവച്ചിട്ടുണ്ട്. വിവിധ വകുപ്പുകളെ സംയോജിപ്പിച്ചുകൊണ്ട് പഞ്ചായത്തുകളുടെ പ്രവർത്തനങ്ങളെ സഹായിക്കുന്നതിന് ഘടക സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു. ഘടകസ്ഥാപനങ്ങളുടെ പശ്ചാത്തലസൗകര്യ വികസനം തദ്ദേശ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. അധികാരവും വിഭവവും ഉത്തരവാദിത്വവും തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകിയതോടെ നാടിന്റെ വികസന പ്രവർത്തനങ്ങൾ, ജനങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ പുരോഗതി എന്നിവയിൽ വലിയ മാറ്റമാണുണ്ടായിട്ടുള്ളത്.

## വെല്ലുവിളികൾ

* ചട്ടങ്ങൾ പരിഷ്ക്കരിക്കാത്തതുകൊണ്ട് ഗ്രാമപഞ്ചായത്തുകളുടെ വരുമാനത്തിൽ വന്ന കുറവ്
* സേവന നികുതി ചട്ടപ്രകാരം ഏർപ്പെടുത്താത്തത്.
* വസ്തുനികുതി, തൊഴിൽ നികുതി എന്നിവയുടെ പരിഷ്ക്കരണം നടക്കാത്തതിനാൽ പഞ്ചായത്തിന്റെ പ്രധാന വരുമാനം കൃത്യമായി ലഭിക്കുന്നില്ല.

## പരിഹാര നിർദ്ദേശങ്ങൾ

* വസ്തുനികുതി ഓരോ അഞ്ചുവർഷം കൂടുമ്പോഴും പരിഷ്കരിക്കുക.
* തൊഴിൽ നികുതി പരമാവധി പ്രതിവർഷം 2500/- എന്നത് ശമ്പളത്തിന്റേയും വരുമാനത്തിന്റേയും തോത് അനുസരിച്ച് പരിഷ്കരിക്കുക.ൊ

## വികസന പരിപ്രേക്ഷ്യം

ഏറ്റവും മികച്ച ഹാർഡ്‌വെയറും ഏറ്റവും മികച്ച ഓപ്പറേറ്റിംഗ് സിസ്റ്റവും ഉള്ള കമ്പ്യൂട്ടറുകളും ലാപ്ടോപ്പുകളും വാങ്ങി മികച്ച സേവനം ഏറ്റവും വേഗത്തിൽ ജനങ്ങളിൽ എത്തിക്കുക. ആധുനികവത്കരണത്തിന്റെ ഭാഗമായി പുതിയ ഓഫീസ് സമുച്ചയവും ആധുനിക രീതിയിൽ ഓഫീസ് ഫർണീഷിംഗും നടത്തുക.

## ഉപസംഹാരം

കഴിഞ്ഞ 25 വർഷത്തെ അനുഭവസമ്പത്ത് ഉൾക്കൊണ്ടുകൊണ്ട് ലഭ്യമായ ഫണ്ടുകൾ ഉപയോഗിച്ച് എല്ലാ മേഖലയിലും ആവശ്യമായ പരിഗണന നൽകിയും അവശവിഭാഗങ്ങളുടെ ഉന്നമനത്തിന് വേണ്ടി ദാരിദ്ര്യ ലഘൂകരണ പദ്ധതികൾ ഏറ്റെടുത്തും 14-ാം പഞ്ചവത്സര പദ്ധതി നാടിന്റെ വികസനലക്ഷ്യം യാഥാർത്ഥ്യമാക്കുന്നത് ശ്രദ്ധിക്കാം. അടിസ്ഥാന സൗകര്യവികസനത്തിന് വേണ്ടത്ര പരിഗണന നൽകി റോഡ്, തോട്, ഓട, കലുങ്ക് മുതലായവയും വിട്ടു കിട്ടിയ സ്ഥാപനങ്ങളുടെ മെയിന്റനൻസും ആദ്യവർഷ പദ്ധതിയിൽ ഏറ്റെടുക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ട് പോകുന്നതിന് എല്ലാ വിഭാഗം ജനങ്ങളുടെയും സഹകരണം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

# വിഷയമേഖലകൾ
# കണക്കുകൾ - രേഖകൾ തയ്യാറാക്കൽ
# ജനസേവനം കാര്യക്ഷമമാക്കൽ

ജനകീയാസൂത്രണ പദ്ധതി ആരംഭിച്ചപ്പോൾ മുതൽ വിവിധ വിഷയ ഗ്രൂപ്പുകളിലായി വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കുകയും അവരുടെ ചർച്ചയും നിർദ്ദേശങ്ങളും കൂടി ഗൗനിച്ചുകൊണ്ട് പ്രോജക്ടുകൾക്ക് രൂപം നൽകുന്ന രീതിയാണ അവലംബിച്ചിരുന്നത്. എന്നാൽ കണക്കുകളും, രേഖകളുമെല്ലാം തയ്യാറാക്കുന്നത് സെക്രട്ടറിയുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെയും മാത്രം ചുമതലയായിരുന്നു. എന്നാൽ ഈ പഞ്ചവത്സരപദ്ധതിക്കാലത്ത് കണക്കുകളും രേഖകളും കൃത്യതയോടെ തയ്യാറാക്കിയിട്ടുണ്ട് എന്ന് ഉറപ്പാക്കുന്നതിനും കൂടുതൽ സുതാര്യതയോടെ കൈകാര്യം ചെയ്യുന്നതിനുമായി ഒരു വർക്കിംഗ് ഗ്രൂപ്പ് തന്നെ രൂപീകരിക്കണമെന്ന് നിർദ്ദേശിക്കപ്പെട്ടിരിക്കുകയാണ്. ആയതിന്റെ അടിസ്ഥാനത്തിൽ വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ചിരിക്കുകയാണ്. നിലവിൽ സർക്കാർ കാലാകാലങ്ങളിൽ നിർദ്ദേശിക്കുന്ന രീതിയിൽ കണക്കുകളും രേഖകളും എഴുതി സൂക്ഷിക്കുകയും വിവിധ തലങ്ങളിലുള്ള ഓഡിറ്റിന് വിധേയമാക്കുകയും ചെയ്തു വരുന്നുണ്ട്. എന്നാൽ ഓഫീസുകളിലെ ജീവനക്കാർ ചുമതലകൾ മാറുകയോ, സ്ഥലം മാറിപ്പോവുകയോ ചെയ്യുന്നഘട്ടത്തിൽ പുതുതായി ചുമതലയേൽക്കുന്നയാൾ കാര്യങ്ങൾ ഗ്രഹിച്ച് വരാൻ കുറച്ച് സമയമെടുക്കാറുണ്ട്. ഇത്തരത്തിലുള്ള ചെറിയ തടസ്സങ്ങൾ തുടർച്ചയില്ലായ്മകൾ വല്ലതും സംഭവിച്ചാൽ അതുകൂടി പരിഹരിക്കുവാനും കൂടുതൽ പങ്കാളിത്തവും സുതാര്യതയും കൈവരിക്കുവാൻ പുതിയ സംവിധാനത്തിനാവുമെന്നതിൽ സംശയമില്ല.

വ്യവസ്ഥാപിത മാർഗ്ഗത്തിൽ കണക്കുകളും രേഖകളും സൂക്ഷിക്കുന്നുണ്ട്. എങ്കിലും എഴുതി സൂക്ഷിക്കുമ്പോൾ പല രൂപത്തിലും നഷ്ടപ്പെടാൻ ഇടയുണ്ട്. വെള്ളം വീഴാനിടയായാൽ നനഞ്ഞും, എലി, പാറ്റ, ചിതൽ തുടങ്ങിയ ജീവികളുടെ ഉപദ്രവം കൊണ്ടും നഷ്ടമാകും. ഓഫീസുകളിൽ റിക്കാർഡ് റൂമുകളിൽ റിക്കാർഡ് സൂക്ഷിപ്പുകാരനില്ല എന്നതുകൊണ്ട് ഓഫീസിലെ മറ്റ് ജീവനക്കാരും അപൂർവ്വമായെങ്കിലും മറ്റുള്ളവരും രേഖകൾ പരിശോധിക്കാനിടയാകുമ്പോൾ പലതും നഷ്ടപ്പെടുകയോ സ്ഥാനക്രമം മാറി പരിശോധിക്കാനാവാത്ത വിധമാവുകയും ചെയ്യും. പിന്നീട് പല രേഖകളും ആവശ്യമായി വരുമ്പോൾ രേഖകൾ തിരയുന്നതിനായി അനാവശ്യമായി സമയം ചെലവഴിക്കേണ്ടിയും വരുന്നുണ്ട്.

ഓഫീസ് പൂർണ്ണമായും കമ്പ്യൂട്ടർവത്ക്കരിക്കുകയും വിവരങ്ങൾ കമ്പ്യൂട്ടറിൽ രേഖപ്പെടുത്തി വയ്ക്കുകയും വേണം. ഇങ്ങനെയായാൽ ഏതു വിവരവും നിമിഷങ്ങൾക്കകം വിരൽത്തുമ്പിലെത്തും. ഓഫീസിലെ റെക്കാർഡ് സൂക്ഷിപ്പിനായി മാത്രം ഒരു ഉദ്യോഗസ്ഥന് ചുമതലയുണ്ടായിരിക്കേണ്ടതും എല്ലാ രേഖകളും ചിട്ടയോടെ അടുക്കി വച്ച് സൂക്ഷിക്കേണ്ടതും രജിസ്റ്റർ തയ്യാറാക്കി വയ്ക്കുകയും ഏതു രേഖയും നിമിഷങ്ങൾക്കകം എടുക്കാൻ കഴിയുകയും വേണം. ഇതിനാവശ്യമായ സംവിധാനം ഒരുക്കിയാൽ മാത്രമേ ശാശ്വതമായ പരിഹാരം ഉണ്ടാവുകയുള്ളൂ.

## അദ്ധ്യായം 5.2

# കൃഷിയും അനുബന്ധമേഖലകളും

പഞ്ചായത്തിലെ കാർഷികമേഖല തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. പ്രധാനകൃഷി റബ്ബർ ആയി മാറിക്കഴിഞ്ഞു. നാളികേരം, കൊക്കോ തുടങ്ങിയവയും തൊട്ടടുത്ത സ്ഥാനങ്ങളിലുണ്ട്. ഭക്ഷ്യവിള വർദ്ധിപ്പിക്കുന്നതിനായി കൃഷിക്കാർക്ക് ഭൂമി പതിച്ചു നൽകിയ ഇവിടെ ഭക്ഷ്യവിള നാമമാത്രമായി വരികയാണ്. നെല്ല്, മരച്ചീനി, കുരുമുളക്, കമുക് എന്നിവയുടെ കൃഷി പരിമിതമായിക്കഴിഞ്ഞു.

വിളകൾ ഹെക്ടറിൽ

| റബ്ബർ | തെങ്ങ് | കൊക്കോ | നെല്ല് | മരച്ചീനി | വാഴ | ഇഞ്ചി | ജാതി |
|---|---|---|---|---|---|---|---|
| 1550 | 20 | 15 | 50 | 150 | 150 | 5 | 150 |

| പൈനാപ്പിൾ | കുരുമുളക് |
|---|---|
| 100 | 30 |

നമ്മുടെ പഞ്ചായത്തിലെ കൃഷി ഓരോന്നും ഏകദേശം എത്ര അളവിൽ നടക്കുന്നു എന്ന് മേൽ ചേർത്ത ടേബിളിൽ നിന്നും മനസ്സിലാക്കാവുന്നതാണ്.

പ്രധാനപ്രശ്നം നേരത്തേ സൂചിപ്പിച്ചതു പോലെ ഭക്ഷ്യവിളയായ നെല്ല്, മരച്ചീനി എന്നിവയുടെ ഉൽപാദനം ഗണ്യമായി കുറഞ്ഞു വരുന്നു എന്നുള്ളതു തന്നെയാണ്. തോട്ടവിളകളായ റബ്ബർ, നാളികേരം എന്നവയിൽ നാളികേരം രോഗങ്ങളും കീടങ്ങളും ബാധിച്ച് വലിയ തോതിൽ നശിച്ചുകൊണ്ടിരിക്കുകയാണ്. ഇതിനൊരു ശാശ്വത പരിഹാരം കണ്ടെത്താനായിട്ടില്ല. ഇടവിളയായി കൃഷി ചെയ്യുന്ന പൈനാപ്പിൾ കൃഷിക്കാർക്ക് ചെറിയ ലാഭമുണ്ടാക്കുന്നുണ്ട്. എങ്കിലും മേൽമണ്ണ് തീർത്തും ഫലഭൂയിഷ്ടമല്ലാതായി മാറുന്നുണ്ട് എന്നത് വളരെ ഗൗരവതരമാണ്. നെൽകൃഷി ലാഭകരമല്ല, അതുപോലെ കർഷകതൊഴിലാളികളുടെ അഭാവം എന്നീ കാരണങ്ങളാൽ കർഷകർ പിന്നോട്ട് പോവുകയാണ്. റിയൽ എസ്റ്റേറ്റ് വ്യവസായം വ്യാപകമായതോടെ, നിലംനികത്തൽ വ്യാപകമായിട്ടുണ്ട്.

പച്ചക്കറികൃഷി വ്യാപിപ്പിക്കുന്നതിനു നിരവധി പദ്ധതികൾ ആവിഷ്കരിച്ചുവെങ്കിലും പച്ചക്കറി ഉല്പാദനത്തിൽ ഗണ്യമായ പുരോഗതിയുണ്ടായിട്ടില്ല. ആമുഖത്തിലും മറ്റും സൂചിപ്പിച്ചതുപോലെ കാലാവസ്ഥയിൽ കാര്യമായ വ്യത്യാസമുള്ള ഉയർന്ന പ്രദേശങ്ങളിൽ കൃഷി തീർത്തും നഷ്ടത്തിലാണ്. ഭൂമി കൈവശമുണ്ടെങ്കിലും അതിൽ നിന്നു ലഭിക്കുന്ന വരുമാനം കൃഷിക്കാരനു തീർത്തും അപര്യാപ്തമാണ്. സമഗ്രമായ ഇടവിളകൃഷി, മത്സ്യകൃഷി തുടങ്ങിയവ നമ്മുടെ കൃഷിയുടെ ഭാഗമാക്കാൻ ഇനിയും കഴിഞ്ഞിട്ടില്ല.

സമഗ്രമായ ഇടവിളകൃഷി പ്രോത്സാഹിപ്പിക്കുകയും അതുവഴി ഉല്പാദനക്ഷമത കൂട്ടുകയും ചെയ്യുക എന്നതിനു മുന്തിയ പരിഗണന നൽകേണ്ടതുണ്ട്. അവശേഷിക്കുന്ന ഒരിഞ്ച് വയൽ പോലും

നികത്താൻ അനുവദിക്കാതിരിക്കുകയും നെൽക്കൃഷി ലാഭകരമാക്കുന്ന തരത്തിൽ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നവിധം കൃഷി സമഗ്രമായി പരിഷ്കരിക്കേണ്ടതുണ്ട്. നാളികേരത്തെ ബാധിക്കുന്ന രോഗങ്ങൾക്കു കൃത്യമായ പ്രതിവിധി കണ്ടെത്തുവാനും ഉല്പാദനം വർദ്ധിപ്പിക്കുവാനും നടപടി വേണം. കൃഷിക്ക് ഏറ്റവും പ്രാധാന്യം ജലസേചനമാണ്. എം.വി.ഐ.പി. കനാലും നിരവധി അരുവികളുമുള്ള പഞ്ചായത്തിൽ ആവശ്യമായ ചെക്ക് ഡാമുകൾ നിർമ്മിച്ച് സ്വാഭാവികമായ ഒരുക്ക് തടസ്സപ്പെടുത്താതെ തന്നെ ജലസേചന സൗകര്യമൊരുക്കാൻ ചെറുകനാലുകൾ നിർമ്മിക്കുന്നതിനെക്കുറിച്ച് പഠനം നടത്തി തീരുമാനമെടുക്കണം. കാർഷികരംഗത്തെ പുത്തൻ സാങ്കേതികവിദ്യകളും പ്രവണതകളും കൃഷിക്കാരെ നിരന്തരമായി പരിചയപ്പെടുത്തുവാനുള്ള സംവിധാനം കൃഷിഭവനുകൾ വഴി ഏർപ്പെടുത്തേണ്ടതുണ്ട്.

വളരെ ഫലഭൂയിഷ്ടവും ജലസേചനസൗകര്യം ഒരുക്കാൻ സാധ്യതയുള്ളതുമായ ഒരു ഭൂപ്രദേശം എന്ന നിലയ്ക്ക് കാർഷിക വികസനത്തിന് വലിയ സാധ്യതയുണ്ട് എന്ന കാര്യത്തിൽ സംശയമില്ല.